بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 ലക്കം 13-14

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ: എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ: മുഹമ്മദ് ഇസ്മായീൽ

2026 മാർച്ച് 26 – ഏപ്രിൽ 2 ● ഹി.ശം 1405 അമാൻ 26 – ശഹാദത്ത് 2 ● ഹി. ഖ. 1447 ശവ്വാൽ 6–13

## വിശുദ്ധ ഖുർആനിൽ നിന്ന്:



وَالَّذِیۡنَ یَقُوۡلُوۡنَ رَبَّنَا ہَبۡ لَنَا مِنۡ اَزۡوَاجِنَا وَذُرِّیّٰتِنَا قُرَّۃَ اَعۡیُنٍ وَّاجۡعَلۡنَا لِلۡمُتَّقِیۡنَ اِمَامًا ﴿۷۵﴾ اُولٰٓئِکَ یُجۡزَوۡنَ الۡغُرۡفَۃَ بِمَا صَبَرُوۡا وَیُلَقَّوۡنَ فِیۡہَا تَحِیَّۃً وَّسَلٰمًا ﴿۷۶﴾ خٰلِدِیۡنَ فِیۡہَا ؕ حَسُنَتۡ مُسۡتَقَرًّا وَّمُقَامًا ﴿۷۷﴾ قُلۡ مَا یَعۡبَؤُا بِکُمۡ رَبِّیۡ لَوۡلَا دُعَآؤُکُمۡ ۚ فَقَدۡ کَذَّبۡتُمۡ فَسَوۡفَ یَکُوۡنُ لِزَامًا ﴿۷۸﴾

(الفرقان:78-75)

അവർ പറയുന്നു, ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ഞങ്ങളുടെ ജീവിതപങ്കാളികളിൽ നിന്നും ഞങ്ങളുടെ സന്തതികളിൽ നിന്നും കൺകുളിർമ പ്രദാനം ചെയ്യേണമേ. ഞങ്ങളെ ഭയഭക്തിയുള്ളവരുടെ നേതാവാക്കേണമേ. അവർ ക്ഷമ പാലിച്ചതുകൊണ്ട് അവർക്ക് പ്രതിഫലമായി ഉന്നത സ്ഥാനം നല്കപ്പെടും. അവിടെ അവർ സ്വീകരിക്കപ്പെടുന്നതും സമാധാനം ആശംസിക്കപ്പെടുന്നതുമാണ്. അവർ എപ്പോഴും അതിൽ (സ്വർഗത്തിൽ) വസിക്കുന്നവരായിരിക്കും. താൽക്കാലിക വിശ്രമസ്ഥാനമെന്നനിലയിലും സ്ഥിരം സങ്കേതമെന്ന നിലയിലും അത് എത്രയും നല്ലത് തന്നെ! നീ പറയുക, നിങ്ങളുടെ പ്രാർഥന ഇല്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ ഒട്ടും ഗൗനിക്കുമായിരുന്നില്ല. നിങ്ങൾ അതിനെ നിഷേധിച്ചിരിക്കുന്നു. ആയതിനാൽ തീർച്ചയായും അതിന്റെ പ്രയാസങ്ങൾ നിങ്ങളെ ചുറ്റിപ്പിണയുന്നതാണ്.

## ഹദീസ്:



خَیۡرُکُمۡ خَیۡرُکُمۡ لِاَہۡلِہٖ وَاَنَا خَیۡرُکُمۡ لِاَہۡلِیۡ

തിരുനബി(സ) പറയുന്നു: നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ കുടുംബത്തോട് നന്നായി പെരുമാറുന്നവനാണ്. ഞാൻ എന്റെ കുടുംബത്തോട് ഏറ്റവും നന്നായി പെരുമാറുന്നവനുമാണ്. *(ഇബ്നു മാജ / കിതാബുൻ നികാഹ് ബാബു ഹുസ്നി മുആശറത്തിൻ നിസാഅ്)*

اِنَّمَا الدُّنۡیَا مَتَاعٌ وَلَیۡسَ مِنۡ مَتَاعِ الدُّنۡیَا شَیۡءٌ اَفۡضَلُ مِنَ الۡمَرۡاَۃِ الصَّالِحَۃِ۔

തിരുനബി(സ) പറയുന്നു: ഇഹലോകം എന്നത് ജീവിത വിഭവമാണ്. എന്നാൽ പുണ്യവതിയായ ഒരു സ്ത്രീയേക്കാൾ ഉത്തമമായ മറ്റൊരു ജീവിത വിഭവവുമില്ല. *(ഇബ്നു മാജ / അബവാബുൽ നികാഹ് ബാബു അഫ്ളലിൻ നിസാഅ്)*

## ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പാഠങ്ങൾ:



## ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധം രണ്ട് സത്യസന്ധരായ യഥാർത്ഥ സുഹൃത്തുക്കളേത് പോലെയായിരിക്കണം. ഒരാളുടെ ഉത്തമ സ്വഭാവത്തിനും അല്ലാഹുവുമായുള്ള ബന്ധത്തിനും ആദ്യത്തെ സാക്ഷി ഈ സ്ത്രീകൾ തന്നെയാണ്!

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഭർത്താക്കന്മാർക്ക് ഭാര്യമാരോടുള്ള ബന്ധം രണ്ട് സത്യസന്ധരായ യഥാർത്ഥ സുഹൃത്തുക്കൾ തമ്മിലുള്ളത് പോലെയായിരിക്കണം. ഒരാളുടെ ഉത്തമ സ്വഭാവത്തിനും അല്ലാഹുവുമായുള്ള ബന്ധത്തിനും ആദ്യത്തെ സാക്ഷി ഈ സ്ത്രീകൾ തന്നെയാണ്. അവരുമായി നല്ല ബന്ധമല്ല ഉള്ളതെങ്കിൽ പിന്നെ അല്ലാഹുവുമായി സമാധാനത്തിലാകാൻ എങ്ങനെ സാധിക്കും?

തിരുനബി(സ) പറയുന്നു: നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ കുടുംബത്തോട് നന്നായി പെരുമാറുന്നവനാണ്. *(മൽഫൂസാത്ത് വാല്യം 3, അൽ ബദ്ർ 22 മെയ് 1903)*

തന്റെ ഭാര്യയോടും അവളുടെ ബന്ധുക്കളോടും സൗമ്യമായും നന്മയിലും വർത്തിക്കാത്തവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. *(കശ്തിയെ നൂഹ്, റൂഹാനി ഖസാഇൻവാല്യം 19, പേജ് 19)*

അല്ലാഹു ഖുർആനിൽ ഇപ്രകാരം ഒരു പ്രാർത്ഥന പഠിപ്പിച്ചിട്ടുണ്ട് اَصۡلِحۡ لِیۡ فِیۡ ذُرِّیَّتِیۡ (എന്റെ സന്താനങ്ങളെയും എനിക്ക് നന്നാക്കിത്തരേണമേ). സ്വന്തം അവസ്ഥയിൽ പരിശുദ്ധമായ മാറ്റം വരുത്തുന്നതിനോടൊപ്പം തന്നെ തന്റെ ഭാര്യക്കും മക്കൾക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. കാരണം പലപ്പോഴും മക്കൾ കാരണവും ഭാര്യ കാരണവും മനുഷ്യൻ പരീക്ഷണങ്ങളിൽ അകപ്പെടാറുണ്ട്. ചുരുക്കത്തിൽ, ഇവർ മുഖേനയും പലപ്പോഴും മനുഷ്യന് വലിയ പ്രയാസങ്ങൾ നേരിടേണ്ടി വരാം. അതിനാൽ അവരുടെ പരിഷ്കരണത്തിന് പൂർണ്ണ ശ്രദ്ധ നൽകുകയും അവർക്കായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും വേണം. *(മൽഫൂസാത്ത് വാല്യം 5, പേജ് 456, 457.)*

**തഫ്സീർ കബീറിൽ നിന്ന്:**
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## മുഅ്മിൻ ചെറിയ കാര്യങ്ങളിൽ മാത്രം സംതൃപ്തനാകില്ല അയാൾ നേതാവും ഇമാമും ആകാൻ പ്രാർത്ഥിക്കുന്നു

وَالَّذِیۡنَ یَقُوۡلُوۡنَ رَبَّنَا ہَبۡ لَنَا مِنۡ اَزۡوَاجِنَا وَذُرِّیّٰتِنَا قُرَّۃَ اَعۡیُنٍ وَّاجۡعَلۡنَا لِلۡمُتَّقِیۡنَ اِمَامًا

(തർജമ: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പങ്കാളികളിൽ നിന്നും സന്താനങ്ങളിൽ നിന്നും ഞങ്ങൾക്ക് കൺകുളിർമ നൽകേണമേ, ഞങ്ങളെ മുത്തഖികളുടെ (ഭയഭക്തരുടെ) നേതാവാക്കേണമേ എന്ന് പ്രാർത്ഥിക്കുന്നവരാണവർ.(സൂറ: അൽ ഫുർഖാൻ)

സയ്യിദനാ ഹദ്റത്ത് മുസ്‌ലിം മൗഊദ്(റ) പറയുന്നു: 'റഹ്മാനായ അല്ലാഹുവിന്റെ ദാസന്മാരുടെ ഒരു അടയാളം, തങ്ങളുടെ ഭാര്യമാരിലൂടെയും മക്കളിലൂടെയും തങ്ങൾക്ക് കൺകുളിർമ നൽകാനും തങ്ങളെ മുത്തഖികളുടെ നേതാവാക്കാനും അവർ നിരന്തരം പ്രാർത്ഥിക്കുന്നു എന്നതാണ്. ഖേദകരമെന്നു പറയട്ടെ, മുസ്‌ലീങ്ങൾ അവരുടെ ഭരണകാലത്ത് ഈ പ്രാർത്ഥനയെ അവഗണിക്കുകയും അടുത്ത തലമുറയുടെ ശിക്ഷണത്തിൽ അശ്രദ്ധരാവുകയും ചെയ്തു. അതിന്റെ ഫലമായി ഭരണകൂടങ്ങൾ ഓരോന്നായി അവരുടെ കൈകളിൽ നിന്ന് നഷ്ടപ്പെടു

ശേഷം പേജ് 11 ൽ

### അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹു ല്ലാഹുത്തആല ബിനസ് രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

(എഡിറ്റോറിയൽ)

# സന്താന ശിക്ഷണവും നോമ്പും : തഖ്‌വയുടെ പ്രായോഗിക തലങ്ങൾ

മനുഷ്യജീവിതം അതിന്റെ യാഥാർത്ഥ്യത്തിൽ അത്യന്തം ഹ്രസ്വവും താൽക്കാലികവുമാണ്. വിശുദ്ധ ഖുർആൻ ഈ സത്യത്തെ വളരെ സമഗ്രമായി ഇപ്രകാരം വിവരിക്കുന്നു:

كُلُّ نَفْسٍ ذَآئِقَةُ الْمَوْتِ (ആലു ഇംറാൻ: 186),

അതായത് എല്ലാ ആത്മാവും മരണം രിചിക്കുക തന്നെ ചെയ്യും.

ലൗകിക ജീവിതം ഒരു ജലകുമിള പോലെയാണെന്ന സത്യത്തിലേക്കാണ് ഈ വചനം വിരൽ ചൂണ്ടുന്നത്. ഒരു മനുഷ്യനും ഈ ലോകത്ത് എന്നെന്നേക്കുമായി വന്നവരല്ല. എന്നെങ്കിലുമൊരിക്കൽ തന്റെ യഥാർത്ഥ സ്രഷ്ടാവിന്റെ സന്നിധിയിൽ ഹാജരാകേണ്ടതുണ്ട്. ഈയൊരു അടിസ്ഥാന ബോധ്യത്തോടെയാണ് ഒരു മുസ്‌ലിം തന്റെ ജീവിതത്തിലെ ഓരോ പ്രവൃത്തിയെയും അർത്ഥപൂർണ്ണമാക്കാൻ ശ്രമിക്കുന്നതും പരലോകത്തേക്കുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതും. അതോടൊപ്പം തന്റെ വരുംതലമുറയെക്കുറിച്ചും അയാൾ വ്യാകുലപ്പെടുന്നു. തന്റെ മക്കളെ ദീനീപരമായും ലൗകികമായും വിജയികളായ മനുഷ്യരാക്കി മാറ്റാൻ സാധ്യമായ എല്ലാ പരിശ്രമങ്ങളും ചെയ്യുക എന്നത് അല്ലാഹു മനുഷ്യന്റെ പ്രകൃതിയിൽ നൽകിയിട്ടുള്ള വികാരമാണ്. അതുകൊണ്ടാണ് ഓരോ വ്യക്തിയും തന്റെ കഴിവിനും അറിവിനുമനുസരിച്ച് സ്വന്തം തലമുറയ്ക്ക് പരിശീലനം നൽകുന്നത്. ഒരു പണ്ഡിതൻ തന്റെ മക്കൾക്ക് വിദ്യ പകർന്നു നൽകുന്നു, ഒരു വ്യാപാരി അവർക്ക് ബിസിനസ്സ് തത്വങ്ങൾ പഠിപ്പിക്കുന്നു, ഒരു ഡോക്ടർ തന്റെ നൈപുണ്യവും അറിവും കൈമാറാൻ ശ്രമിക്കുന്നു. ഇവരുടെയെല്ലാം ലക്ഷ്യം തന്റെ മക്കൾ താൻ പടുത്തുയർത്തിയ സംരംഭങ്ങൾ നിലനിർത്തുക മാത്രമല്ല, അവ കൂടുതൽ വികസിപ്പിക്കുക കൂടി വേണം എന്നതാണ്. എന്നാൽ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഇതിനേക്കാളൊക്കെ പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്തമുണ്ട്; അത് തന്റെ മക്കൾക്ക് ദീനീ വിജ്ഞാനം നൽകുക, അവരിൽ അല്ലാഹുവോടുള്ള സ്നേഹം വളർത്തുക, തഖ്‌വ (ഭയഭക്തി) യുടെ ചൈതന്യം ഉണർത്തുക എന്നിവയാണ്.

ഒരു മനുഷ്യന് മരണ ശേഷം അവന് വേണ്ടി നിലനിൽക്കുന്ന സ്വദഖതുൻ ജാരിയ (നിലക്കാത്ത പുണ്യം) ആയി മാറുന്നതും ശാശ്വതമായ വിജയത്തിന് കാരണമാകുന്നതും ഈ സമ്പാദ്യമാണ്. മനുഷ്യന്റെ മരണശേഷം അവന്റെ കർമ്മങ്ങൾ മുറിഞ്ഞുപോകുമെന്നും എന്നാൽ ചില കാര്യങ്ങൾ മാത്രം ബാക്കിയാകുമെന്നും, അതിലൊന്ന് തന്റെ സന്താനങ്ങളിലൂടെ തുടർന്നുപോകുന്ന നന്മകളാണെന്നും തിരുനബി(സ) പറഞ്ഞിട്ടുണ്ട്. മക്കളുടെ ശരിയായ ശിക്ഷണത്തിൽ ഐഹിക നേട്ടം മാത്രമല്ല, മറിച്ച് അത് പരലോകത്ത് അല്ലാഹുവിന്റെ കാരുണ്യത്തിനും കാരണമാകുമെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു. ഈ പരിശീലനത്തിന് അത്യന്തം അനുയോജ്യവും അനുഗൃഹീതവുമായ മാസമാണ് റമദാൻ. ഒരു മുസ്‌ലിം ആരാധനകളിലും വ്രതത്തിലും നമസ്കാരത്തിലും ഖുർആൻ പാരായണത്തിലും മുഴുകുന്ന സമയമാണിത്. തന്റെ മക്കളും ഈ പുണ്യകർമ്മങ്ങളിൽ പങ്കാളികളാകണമെന്ന് അവന്റെ മനസ്സ് ആഗ്രഹിക്കുന്നു. ഈ അന്തരീക്ഷം കുട്ടികളുടെ മനസ്സിലും ആരാധനകളോട് താല്പര്യമുണ്ടാക്കുന്നു. അവർ മാതാപിതാക്കളെ അനുകരിച്ചുകൊണ്ട് നോമ്പ് നോൽക്കാനും നമസ്കരിക്കാനും ആഗ്രഹം പ്രകടിപ്പിക്കുന്നു. എങ്കിലും ഇവിടെ ഒരു സുപ്രധാന ചോദ്യം ഉയരുന്നു: ഏത് പ്രായം മുതലാണ് കുട്ടികളെ നോമ്പ് ശീലിപ്പിക്കേണ്ടത്? ചെറിയ കുട്ടികളെ നോമ്പ് നോൽക്കാൻ നിർബന്ധിക്കണോ അതോ ക്രമാനുഗതമായ രീതി സ്വീകരിക്കണോ? ചിലർ അമിതമായ കാർക്കശ്യം കാണിച്ചുകൊണ്ട് വളരെ ചെറിയ കുട്ടികളെക്കൊണ്ട് നിർബന്ധപൂർവ്വം നോമ്പ് എടുപ്പിക്കുന്നത് കാണാം. എന്നാൽ മറ്റു ചിലരാകട്ടെ, പ്രായപൂർത്തിയായ മക്കളോട് പോലും നോമ്പ് നോൽക്കാൻ ഉപദേശിക്കാറില്ല. ഉപദേശവും പരിശീലനവും നിരന്തരമായ ഒരു പ്രക്രിയയായി തുടരണമെന്ന പൊതുതത്വമാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്:

وَذَكِّرْ فَاِنَّ الذِّكْرٰى تَنْفَعُ الْمُؤْمِنِيْنَ (അദ്ദാരിയാത്ത്: 56),

അതായത് നീ ഉപദേശിച്ചുകൊണ്ടിരിക്കുക, തീർച്ചയായും ഉപദേശം വിശ്വാസികൾക്ക് ഉപകരിക്കും. ഈ തത്വത്തിന്റെ വെളിച്ചത്തിൽഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) കുട്ടികളുടെ നോമ്പിനെക്കുറിച്ച് അതീവ ജ്ഞാനപൂർണ്ണമായ രീതിയിൽ ഇപ്രകാരം മാർഗനിർദ്ദേശം നൽകിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: വളരെ ചെറിയ കുട്ടികളെക്കൊണ്ട് നോമ്പ് നോൽപ്പിക്കാറുള്ള ചിലരുണ്ട്. എന്നാൽ ഓരോ ഫർളിനും (നിർബന്ധ കർമ്മം) ഹുക്മിനും (കല്പന) വെവ്വേറെ പരിധികളും സമയവുമുണ്ട്. എന്റെ അഭിപ്രായത്തിൽ ചില കല്പനകൾ നാലാം വയസ്സിൽ തുടങ്ങുന്നു, ചിലവ ഏഴ് മുതൽ പന്ത്രണ്ട് വയസ്സ് വരെയാണ്, മറ്റു ചിലതാകട്ടെ പതിനഞ്ച് അല്ലെങ്കിൽ പതിനെട്ട് വയസ്സിലാണ് ആരംഭിക്കുന്നത്. നോമ്പിന്റെ കല്പന 15 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ബാധകമാകുന്ന ഒന്നാണ്, ഇതാണ് പ്രായപൂർത്തിയുടെ പരിധി.ഇതിനുമുമ്പ് കുട്ടികളെക്കൊണ്ട് നോമ്പ് നോൽപ്പിക്കുന്നത് അവരുടെ ആരോഗ്യത്തെ മോശമായി ബാധിക്കുമെന്നാണ് ഞാൻ കരുതുന്നത്. കാരണം അവർ കരുത്തും ഊർജ്ജവും ആർജ്ജിച്ചുകൊണ്ടിരിക്കുന്ന കാലമാണത്. ശക്തി സംഭരിച്ചുകൊണ്ടിരിക്കുന്ന ആ സമയത്ത് അവരുടെ ഊർജ്ജത്തെ അടിച്ചമർത്തുന്നതും വളർച്ചയെ തടയുന്നതും അവർക്ക് വലിയ ദോഷം ചെയ്യും. സ്റ്റീം എഞ്ചിനുകളിൽ സ്റ്റീം ആവശ്യത്തിന് ഉണ്ടാകുന്നതിന് മുമ്പ് അത് പുറത്തേക്ക് വിടാറില്ല. പുഴയിൽ ആവശ്യത്തിന് വെള്ളം ഉണ്ടെങ്കിൽ മാത്രമേ അണക്കെട്ട് കെട്ടി കനാൽ വഴി വെള്ളം തിരിച്ചുവിടുകയുള്ളു. അതുപോലെ കുട്ടി വളർന്നുകൊണ്ടിരിക്കുന്ന പ്രായത്തിൽ, അവന് 15 വയസ്സ് തികയുന്നത് വരെ നോമ്പ് നോൽപ്പിക്കരുത്. കാരണം അതിനുമുമ്പ് അവന് നോമ്പ് നിർബന്ധമില്ല. അതിനാൽ ആ പ്രായത്തിൽ കുട്ടികളെക്കൊണ്ട് നോമ്പ് നോൽപ്പിക്കാതിരിക്കുക എന്ന് മാത്രമല്ല, അവർ നോമ്പ് നോൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. കാരണം കുട്ടികൾക്ക് നോമ്പ് നോൽക്കാൻ സ്വയം കൗതുകമുണ്ടാകും. അദ്ദേഹം വീണ്ടും പറയുന്നു: പന്ത്രണ്ട് വയസ്സിൽ താഴെയുള്ള കുട്ടികളെക്കൊണ്ട് നോമ്പ് നോൽപ്പിക്കുന്നത് എന്റെ കാഴ്ചപ്പാടിൽ കുറ്റകരമാണ്. 12 മുതൽ 15 വയസ്സ് വരെയുള്ള കുട്ടികളെക്കൊണ്ട് ആരെങ്കിലും നോമ്പ് നോൽപ്പിക്കുന്നുണ്ടെങ്കിൽ അത് തെറ്റാണ്. 15-ാം വയസ്സ് മുതൽ നോമ്പ് ശീലിപ്പിക്കുകയും 18-ാം വയസ്സിൽ അത് നിർബന്ധമായി കരുതുകയും വേണം... ഇത്തരത്തിൽ ക്രമാനുഗതമായി അവരെ നോമ്പ് ശീലമുള്ളവരാക്കി മാറ്റുകയാണ് വേണ്ടത്. (ഖുതുബാത്തെ മഹ്മൂദ്, വാല്യം 9, പേജ് 88,89)

ആരാധനാ കർമ്മങ്ങളിൽ പോലും സന്തുലിതാവസ്ഥയും ജ്ഞാനവും ക്രമാനുഗതമായ രീതിയും പാലിക്കണമെന്ന ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തെയാണ് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ വാക്കുകൾ ഉയർത്തിക്കാട്ടുന്നത്. ഇസ്‌ലാം അനാവശ്യമായ കാർക്കശ്യം പഠിപ്പിക്കുന്നില്ല, ഒപ്പം അശ്രദ്ധ അനുവദിക്കുന്നുമില്ല. മറിച്ച് ഓരോ കാര്യവും അതിന്റെ ഉചിതമായ സമയത്തും സാഹചര്യത്തിലും നിർവ്വഹിക്കാനാണ് നിർദ്ദേശിക്കുന്നത്. അതുപോലെ രോഗാവസ്ഥയിൽ ഖുർആൻ വ്യക്തമായ ഇളവ് നൽകുന്നുണ്ട്. എങ്കിലും മനുഷ്യന്റെ സഹജമായ ദുർബലതയെയും ഒഴികഴിവുകൾ തേടാനുള്ള പ്രവണതയെയും കുറിച്ച് അല്ലാഹു ഇപ്രകാരം സൂചിപ്പിക്കുന്നു:

اِنَّ الْاِنْسَانَ خُلِقَ هَلُوْعًا (അൽ മആരിജ്: 20)

അതായത് തീർച്ചയായും മനുഷ്യൻ അക്ഷമനും ദുർബലനുമായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഈ വശത്തെക്കുറിച്ച് ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ(അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) മനോഹരമായി വിശദീകരിച്ചിട്ടുണ്ട്. ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ പറയുന്നു: രോഗിയാണെങ്കിൽ നോമ്പ് നോൽക്കരുത് എന്നതാണ് ഖുർആന്റെ വ്യക്തമായ നിർദ്ദേശം. എന്നാൽ രോഗിയായേക്കാം എന്ന സാധ്യത മുൻനിർത്തി നോമ്പ് ഉപേക്ഷിക്കുന്നത് തെറ്റാണ്...

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

പലരും ഒഴികഴിവുകൾ തേടുന്നവരാണ്... ദൈവം അവരുടെ നിയ്യത്തും (ഉദ്ദേശ്യം) ലക്ഷ്യവും അറിയുന്നുണ്ട്... ആര് സത്യസന്ധതയും ആത്മാർത്ഥതയും കാണിക്കുന്നുവോ അവരോട് അല്ലാഹു ആ രീതിയിൽ പെരുമാറും. എന്നാൽ ഒഴികഴിവുകൾ തേടുന്നവരോട് അവൻ ആ രീതിയിലായിരിക്കും പെരുമാറുക. *(ജുമുഅ ഖുത്ബ 2020 ഏപ്രിൽ 24)*

ഈ അധ്യാപനം നമുക്ക് സന്തുലിതമായ ഒരു കാഴ്ചപ്പാട് നൽകുന്നു. ഒരു വശത്ത് രോഗാവസ്ഥയിലും ബലഹീനതയിലും ഇസ്‌ലാം ഇളവ് നൽകുന്നു, മറുവശത്ത് നമ്മുടെ ദുർബലതയെ ഒരു ഒഴികഴിവാക്കി മാറ്റാതെ ആത്മാർത്ഥതയോടെ ആരാധനകൾ നിർവ്വഹിക്കാൻ നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു.ചുരുക്കത്തിൽ, റമദാൻ മുബാറക് എന്നത് കേവലം നോമ്പ് നോൽക്കൽ മാത്രമല്ല, മറിച്ച് മനുഷ്യൻ സ്വന്തം മനസ്സിനെ സംസ്കരിക്കുകയും ആരാധനകൾ മെച്ചപ്പെടുത്തുകയും തന്റെ സന്താനങ്ങളെ നന്മയുടെ വഴിയിൽ നയിക്കുകയും ചെയ്യുന്ന ഒരു സമഗ്ര പരിശീലന വ്യവസ്ഥയാണ്. കാർക്കശ്യത്തിലൂടെയോ നിർബന്ധത്തിലൂടെയോ അല്ലാതെ, ജ്ഞാനത്തോടും സ്നേഹത്തോടും കൂടി ക്രമാനുഗതമായി മക്കളിൽ ദീനിനോടുള്ള അനുരാഗം വളർത്തുക എന്നത് മാതാപിതാക്കളുടെ ഉത്തരവാദിത്തമാണ്.മനുഷ്യൻ ഈ ലോകത്ത് എന്നെന്നേക്കുമായി വന്നവനല്ല, മറിച്ച് ചുരുങ്ങിയ കാലം കഴിഞ്ഞ് മടങ്ങിപ്പോകേണ്ടവനാണ്. എങ്കിലും, തഖ്‌വയിലും ആരാധനയിലും അല്ലാഹുവോടുള്ള സ്നേഹത്തിലും അധിഷ്ഠിതമായ രീതിയിൽ മക്കളെ വളർത്തിയാൽ ഈ ഹ്രസ്വമായ ജീവിതത്തെ അവന് ശാശ്വതമാക്കാൻ സാധിക്കും. റമദാൻ നമുക്ക് നൽകുന്നത് ഈ സുവർണ്ണാവസരമാണ്. നമ്മുടെ സംസ്കരണത്തോടൊപ്പം വരുംതലമുറയെയും നന്മയുടെ പാതയിൽ നയിക്കാൻ നമുക്ക് സാധിക്കട്ടെ.

# ഖുത്വ്ബ ജുമുഅ

**2026 ഫെബ്രുവരി 13, 1405 തബ്ലീഗ് 13 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

**ഞാൻ തളരുന്ന കാര്യത്തിൽ എന്ത് പ്രസക്തിയാണുള്ളത്? ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയായിരുന്നു. ആ പരേതന് വേണ്ടി പാപമോചനം തേടുകയായിരുന്നു. ചോദിക്കുന്നവൻ എപ്പോഴെങ്കിലും തളരുമോ? ചോദിക്കാൻ തളരുന്നവൻ പിന്തള്ളപ്പെട്ടുപോകും. ഞാൻ ചോദിക്കുന്നവനും അവൻ നൽകുന്നവനുമാണ്; പിന്നെങ്ങനെ തളരും? അല്പം പ്രതീക്ഷയുള്ളിടത്ത് പോലും ചോദിക്കുന്നവൻ ഉറച്ചുനിൽക്കും; അപ്പോൾ എല്ലാ പ്രതീക്ഷകളുടെയും കേന്ദ്രമായ അല്ലാഹുവിന്റെ സന്നിധിയിൽ എത്രത്തോളം ഉറച്ചുനിൽക്കണം! അവൻ മുഅ്ത്വീ അതായത് നൽകുന്നവനാണ്, വഹാബാണ്, റഹ്മാനാണ്, റഹീമാണ്. അവൻ സർവ്വത്തിന്റെയും ഉടമസ്ഥനും സർവ്വശക്തനുമാണ്. (ഹദ്റത്ത് മസീഹ് മൗഊദ്(അ))**

ഈ കാലഘട്ടത്തിൽ തിരുനബി(സ)യുടെ മാതൃക ഏറ്റവും കൂടുതൽ പിന്തുടരുന്ന കാഴ്ചകൾ നാം കാണുന്നത് തിരുനബി(സ)യുടെ സത്യസന്ധനായ ദാസൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ലാണ്.

**രാത്രി ഇശാ നിസ്കാരത്തിന് ശേഷം വേഗത്തിൽ ഉറങ്ങുകയും പിന്നീട് ഏകദേശം ഒരു മണിയോടെ തഹജ്ജുദിനായി എഴുന്നേൽക്കുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു. തഹജ്ജുദ് നിസ്കരിച്ച ശേഷം അദ്ദേഹം വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കും. പിന്നീട് സുബ്ഹി ബാങ്ക് വിളിക്കുമ്പോൾ സുന്നത്തുകൾ വീട്ടിൽ വെച്ച് നിസ്കരിച്ച ശേഷം നിസ്കാരത്തിനായി പള്ളിയിലേക്ക് പോവുകയും ജമാഅത്തായി നിസ്കരിക്കുകയും ചെയ്യുമായിരുന്നു.**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിശുദ്ധ ഖുർആനോടും തിരുനബി(സ)യുടെ സുന്നത്തിനോടും അങ്ങേയറ്റത്തെ അനുരാഗമായിരുന്നു.

**നമസ്കാരം കൂടാതെ ഖുർആൻ പാരായണം, സ്വലാത്ത്, ഇസ്തിഗ്ഫാർ എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. ഖുർആനോട് അദ്ദേഹത്തിന് അനുരാഗമായിരുന്നു. ഇരിക്കുമ്പോഴും നടക്കുമ്പോഴുമെല്ലാം അദ്ദേഹം ഖുർആൻ ഓതിക്കൊണ്ടിരിക്കുകയും തേങ്ങിക്കരയുകയും ചെയ്യുമായിരുന്നു.**

ഭൂകമ്പം തുടങ്ങിയ ഉടനെ അദ്ദേഹം കുടുംബത്തോടും കുട്ടികളോടും ഒപ്പം അല്ലാഹുവിന്റെ സന്നിധിയിൽ പ്രാർത്ഥിക്കാനാരംഭിക്കുകയും തന്റെ റബ്ബിന് മുന്നിൽ സുജൂദിൽ വീഴുകയും ചെയ്തു. വളരെ നേരം ഖിയാമിലും റുകൂഇലും സുജൂദിലുമായി സേവകരോടൊപ്പം കുടുംബം മുഴുവൻ അല്ലാഹുവിന്റെ നിരാശ്രിതത്വത്തിന് മുന്നിൽ വിറച്ചും ഭയപ്പെട്ടും കഴിച്ചുകൂട്ടി. (ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ)ന്റെ നിവേദനം)

**ജമാഅത്തായി നമസ്കരിക്കാനുള്ള ഒരു വഴി, ഭാര്യയെയും മക്കളെയും കൂട്ടി വീട്ടിൽ വെച്ച് തന്നെ ജമാഅത്തായി നമസ്കാരം നിർവ്വഹിക്കുക എന്നതാണ്.**

ഇന്നും നാം ഇത് കണ്ടുവരുന്നു. അതിനാൽ ഈ ശീലം ഉപേക്ഷിക്കുകയും ജമാഅത്തായി നമസ്കരിക്കുന്ന ശീലം വളർത്തുകയും ചെയ്യുക. എവിടെയെല്ലാം കുറവുകളുണ്ടോ അവിടെയെല്ലാം ആളുകൾ ഇക്കാര്യം ശ്രദ്ധിക്കണം. വീട്ടിൽ കുട്ടികളോടൊപ്പം ചേർന്ന് നമസ്കരിക്കുക, അത് കുട്ടികളിലും നമസ്കാരത്തിന്റെ ശീലം വളർത്താൻ സഹായിക്കും.

**ഭൗതിക ലോകത്തോട് അദ്ദേഹത്തിന് വിരക്തി തോന്നി. അദ്ദേഹം കേവലം കുട്ടിയായിരുന്നപ്പോൾ പോലും അദ്ദേഹത്തിന്റെ എല്ലാ ആഗ്രഹങ്ങളും ദൈവപ്രീതി നേടുന്നതിൽ മാത്രമായിരുന്നു. (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ))**

ആളുകളുടെ വരവ് കുറവായിരുന്ന കാലത്ത് അദ്ദേഹം ഇപ്രകാരം ആഗ്രഹം പ്രകടിപ്പിക്കാറുണ്ടായിരുന്നു; അഞ്ചു നേരവും ജമാഅത്തായി നമസ്കരിക്കാൻ നമ്മുടെ തന്നെ ഒരു ജമാഅത്ത് ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! താൻ അതിനായി പ്രാർത്ഥനയിലാണെന്നും അല്ലാഹു തന്റെ പ്രാർത്ഥന സ്വീകരിക്കുമെന്നും അദ്ദേഹം പറയുമായിരുന്നു. ഈ സംഭവം എഴുതുമ്പോൾ നമസ്കരിക്കാൻ വരുന്നവരുടെ എണ്ണം എൺപതോ തൊണ്ണൂറോ ആയി വർദ്ധിച്ചത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ്. (ഹദ്റത്ത് മൗലവിബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി(റ)ന്റെ നിവേദനം)

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് എല്ലാ രാജ്യങ്ങളിലും നമുക്ക് മസ്ജിദുകളുണ്ട്. അതിനാൽ അഞ്ചു നേരവും നമ്മുടെ മസ്ജിദുകളെ സജീവമാക്കാനും എല്ലാ നമസ്കാരങ്ങളും ജമാഅത്തായി നിർവ്വഹിക്കാനും നാം പരിശ്രമിക്കണം.**

അദ്ദേഹം നമസ്കരിച്ചിരുന്ന ആ രീതി എനിക്ക് നന്നായി അറിയാം. ഓരോ നമസ്കാരവും അങ്ങേയറ്റത്തെ വിതുമ്പലോടെയും വിനയത്തോടും എളിമയോടും കൂടിയാണ് അദ്ദേഹം നിർവ്വഹിച്ചിരുന്നത്. ഒരു കൊച്ചു കുട്ടി തന്റെ മാതാപിതാക്കളുടെ മുന്നിൽ കരഞ്ഞു ചോദിക്കുന്നതുപോലെയായിരുന്നു അത്. ആ നമസ്കാരം മുഖ്തദികളായ ഞങ്ങളുടെ ഹൃദയങ്ങളിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു.

## തിരുനബി(സ)യുടെ യഥാർത്ഥ ദാസനായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൈവഭക്തിയെക്കുറിച്ചുള്ള ഈമാൻ വർദ്ധിപ്പിക്കുന്ന വിവരണങ്ങൾ

ഡേരിയൻവാല നാരോവാളിലെ മഹ്മൂദ് അഹ്മദ് ഭട്ട് സാഹിബിന്റെ ഭാര്യ അമത്തുശ്ശരീഫ് സാഹിബയെയും ലാഹോറിലെ ശൈഖ് ബശീർ അഹ്മദ് സാഹിബിനെയും കുറിച്ചുള്ള അനുസ്മരണവും ജനാസ (ഗാഇബ്) നമസ്കാരവും

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

**ഈ കാലഘട്ടത്തിൽ തിരുനബി(സ)യുടെ മാതൃക ഏറ്റവും കൂടുതൽ പിന്തുടരുന്ന കാഴ്ചകൾ നാം കാണുന്നത് തിരുനബി(സ)യുടെ സത്യസന്ധനായ ദാസൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)ലാണ്.**

തിരുനബി(സ)യുടെ ആരാധനകളെക്കുറിച്ചും തിരുനബി(സ) തന്റെ അനുയായികൾക്ക് നൽകിയ ഉപദേശങ്ങളെക്കുറിച്ചും, ആരാധനകളും അല്ലാഹുവിന്റെ സ്മരണയും (ദിക്ർ) ചെയ്യേണ്ട രീതികൾ പഠിപ്പിച്ച സംഭവങ്ങളും കഴിഞ്ഞ ഖുതുബകളിൽ വിവരിക്കുകയുണ്ടായി.

**ഇന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യജമാനനായ തിരുനബി(സ)യെ പിന്തുടർന്ന് ചെയ്തതും നമ്മിലേക്ക് എത്തിച്ചേർന്നതുമായ ചില സംഭവങ്ങളാണ് വിവരിക്കുന്നത്.**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു:

ഗുർദാസ്പൂരിലെ ലംഗർവാൾ സ്വദേശിയായ മിർസാ മുഹമ്മദ് ദീൻ സാഹിബ് തനിക്ക് ഇപ്രകാരം എഴുതി അയച്ചു: 'ഞാൻ എന്റെ കുട്ടിക്കാലം മുതൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടുവരുന്നു. ഏറ്റവും ആദ്യമായി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടത് മിർസാ ഗുലാം മുർതളാ സാഹിബിന്റെ ജീവിതകാലത്താണ്; അന്ന് ഞാൻ ചെറിയ ഒരു കുട്ടിയായിരുന്നു.

**രാത്രി ഇശാ നിസ്കാരത്തിന് ശേഷം വേഗത്തിൽ ഉറങ്ങുകയും പിന്നീട് ഏകദേശം ഒരു മണിയോടെ തഹജ്ജുദിനായി എഴുന്നേൽക്കുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു. തഹജ്ജുദ് നിസ്കരിച്ച ശേഷം അദ്ദേഹം വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കും. പിന്നീട് സുബ്ഹി ബാങ്ക് വിളിക്കുമ്പോൾ സുന്നത്തുകൾ വീട്ടിൽ വെച്ച് നിസ്കരിച്ച ശേഷം നിസ്കാരത്തിനായി പള്ളിയിലേക്ക് പോവുകയും ജമാഅത്തായി നിസ്കരിക്കുകയും ചെയ്യുമായിരുന്നു.**

നിസ്കാരത്തിന് ചിലപ്പോൾ അദ്ദേഹം തന്നെ നേതൃത്വം നൽകും, ചിലപ്പോൾ പള്ളിയിലെ ഇമാമായ മിയാൻ ജാൻ മുഹമ്മദ് നേതൃത്വം നൽകും. നിസ്കാരം കഴിഞ്ഞ് വന്ന് അല്പനേരം ഉറങ്ങുമായിരുന്നു. അദ്ദേഹം പള്ളിയിൽ വെച്ച് സുന്നത്ത് നിസ്കരിക്കുന്നത് ഞാൻ കണ്ടിട്ടില്ല. സുന്നത്തുകൾ വീട്ടിൽ വെച്ചാണ് നിസ്കരിച്ചിരുന്നത്. *(സീറത്തുൽ മഹ്ദി വാല്യം 1, ഭാഗം 3, പേജ് 513,514, നിവേദനം 491)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ആരാധനകളെക്കുറിച്ചും അല്ലാഹു അദ്ദേഹത്തിന് ആരാധനകൾ നിർവ്വഹിക്കാനുള്ള കരുത്ത് എങ്ങനെ നൽകിയെന്നും വിവരിക്കുന്നു. എന്നാൽ എല്ലാവരും ഇത്തരത്തിൽ ചെയ്യണമെന്നോ സ്വന്തം കഴിവിനപ്പുറം പ്രവർത്തിക്കണമെന്നോ അദ്ദേഹം പറഞ്ഞിട്ടില്ല; കാരണം അല്ലാഹു തനിക്ക് ഒരു പ്രത്യേക കരുത്ത് നൽകിയിട്ടുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹത്തിന്റെ അവസ്ഥയെക്കുറിച്ച് അദ്ദേഹം തന്നെ വരച്ചുകാട്ടിയ ചിത്രം ഇപ്രകാരമാണ്:

'ഞാൻ ഒരിക്കലും പ്രയാസകരമായ കഠിനമായ തപസ്സുകൾ (രിയാദ്വാത്തെ ശാഖ്വ:) ചെയ്തിട്ടില്ല; ഇന്നത്തെ കാലത്തെ ചില സൂഫികളെപ്പോലെ കഠിനമായ ആത്മസമരങ്ങളിൽ (മുജാഹിദാത്ത്) ഏർപ്പെടുകയോ ഏകാന്തവാസം നയിച്ച് ചില്ലാകശിയോ (നാല്പതു നാൾ തപോയജ്ഞം) അനുഷ്ഠിച്ചിട്ടില്ല. തിരുനബി(സ)യുടെ സുന്നത്തിന് വിരുദ്ധമായതോ അല്ലാഹുവിന്റെ കല്പനകൾക്ക് നിരക്കാത്തതോ ആയ സന്യാസ ജീവിതം നയിച്ചിട്ടില്ല. മറിച്ച്, വിവിധങ്ങളായ ബിദ്അത്തുകളിൽ (പുത്തൻ ആചാരങ്ങൾ) മുഴുകിയിരിക്കുന്ന അത്തരം ഫഖീർമാരിൽ നിന്നും ബിദ്അത്ത് ആചരിക്കുന്നവരിൽ നിന്നും ഞാൻ എപ്പോഴും അകന്നുനിന്നിരുന്നു.

തുടർന്ന് അദ്ദേഹം പറയുന്നു: 'അതേസമയം, വന്ദ്യപിതാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ വഫാത്ത് സമയം അടുത്തപ്പോൾ ഒരു വൃദ്ധനായ നിർമല സ്വരൂപനായ ഒരു മഹാപുരുഷനെ ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. വാനലോക പ്രകാശങ്ങളെ (അൻവാറെ സമാവി) സ്വീകരിക്കാനായി ചില നോമ്പുകൾ അനുഷ്ഠിക്കുന്നത് പ്രവാചക കുലത്തിന്റെ സുന്നത്താണെന്ന് അദ്ദേഹം പറയുകയുണ്ടായി. അതായത് അല്ലാഹുവിന്റെ സ്വർഗീയ പ്രകാശങ്ങളെ സ്വീകരിക്കുന്നതിനായി നോമ്പ് നോൽക്കുന്നതും പ്രവാചകകുലത്തിന്റെ സുന്നത്താണ്. അല്ലാഹു സ്വപ്നത്തിലൂടെ അദ്ദേഹത്തിന് ഈ പദവി നല്കാൻ പോകുന്നുവെന്ന് സൂചന നല്കുകയായിരുന്നു. ഏതായാലും അദ്ദേഹം പറയുന്നു: തിരുനബിയുടെ അഹ്ലെ ബൈത്തെ റിസാലത്തിന്റെ (പ്രവാചകകുലത്തിന്റെ) ഈ സുന്നത്ത് നിർവഹിക്കണമെന്ന ആ സൂചന അനുസരിച്ച് കുറച്ചുകാലം നോമ്പ് നോൽക്കുന്നത് ഞാൻ ഉചിതമാണെന്ന് കരുതി. എന്നാൽ ഇക്കാര്യം രഹസ്യമായി ചെയ്യുന്നതാണ് ഉത്തമം എന്ന് കരുതി ഞാൻ ഒരു രീതി സ്വീകരിച്ചു. വീട്ടിൽ നിന്ന് പുരുഷന്മാർ ഇരിക്കുന്ന സ്ഥലത്തേക്ക് ഭക്ഷണം വരുത്തുകയും പിന്നീട് ആ ഭക്ഷണം രഹസ്യമായി ചില അനാഥ കുട്ടികൾക്ക് നല്കുകയും ചെയ്യുമായിരുന്നു. അതിനായി ഞാൻ മുൻകൂട്ടി നിശ്ചയിച്ച സമയം പാലിക്കാൻ അവരോട് നിർദേശിച്ചിരുന്നു. ഇപ്രകാരം പകൽ മുഴുവൻ നോമ്പിൽ കഴിയുകയും അല്ലാഹുവിനല്ലാതെ ഈ നോമ്പുകളെക്കുറിച്ച് ആർക്കും അറിവില്ലായിരുന്നു.

രണ്ടാഴ്ചയ്ക്ക് ശേഷം എനിക്ക് മനസ്സിലായി, ഒരു നേരം വയറുനിറച്ച് ഭക്ഷണം കഴിക്കുന്ന ഇത്തരത്തിലുള്ള നോമ്പുകൾ കൊണ്ട് എനിക്ക് യാതൊരു പ്രയാസവും അനുഭവപ്പെടുന്നില്ല എന്ന്. അതിനാൽ ഭക്ഷണത്തിന്റെ അളവ് അല്പം കുറയ്ക്കുന്നതാണ് നല്ലതെന്ന് തോന്നി. അങ്ങനെ അന്നുമുതൽ ഞാൻ ഭക്ഷണം കുറച്ചു കൊണ്ടുവന്നു. അവസാനം ഒരു പകലും രാത്രിയും കൂടി ഒരു റൊട്ടിയിൽ ഒതുക്കി. ഇപ്രകാരം ഭക്ഷണം കുറച്ചു കൊണ്ടിരുന്നു, അവസാനം നാലു യാമങ്ങൾ (24 മണിക്കൂർ) കൂടി ഏതാനും തോല (ഗ്രാം) റൊട്ടി മാത്രമായിരുന്നു എന്റെ ആഹാരം. അതായത് 24 മണിക്കൂറിൽ അല്പം റൊട്ടി മാത്രം. ഏകദേശം എട്ടു ഒമ്പത് മാസം വരെ ഞാൻ ഇപ്രകാരം ചെയ്തു. ഭക്ഷണത്തിന്റെ ഇത്രയും കുറഞ്ഞ അളവ് രണ്ടു മൂന്നു മാസം പ്രായമുള്ള ഒരു കുട്ടിക്ക് പോലും സഹിക്കാൻ സാധിക്കില്ലെങ്കിലും അല്ലാഹു എന്നെ എല്ലാ വിപത്തുകളിൽ നിന്നും ആപത്തുകളിൽ നിന്നും സംരക്ഷിച്ചു.

ആ കാലയളവിലെ നോമ്പിന്റെ അത്ഭുതങ്ങളിൽ എനിക്ക് സൂക്ഷ്മമായ മുകാശ്ഫാത്തുകളാണ് (ജാഗ്രതാ ദർശനങ്ങൾ) അനുഭവപ്പെട്ടത്.പല മുൻ പ്രവാചകന്മാരുമായും കൂടിക്കാഴ്ചകൾ ഉണ്ടായി. ഈ ഉമ്മത്തിൽ കഴിഞ്ഞുപോയ ഉന്നത ശ്രേണിയിലുള്ള ഔലിയാക്കളുമായും കൂടിക്കാഴ്ച ഉണ്ടായി. ഒരിക്കൽ തികഞ്ഞ ജാഗ്രതാവസ്ഥയിൽ നബി തിരുമേനി(സ)യെയും ഹസൻ, ഹുസൈൻ, ഹദ്റത്ത് അലി(റ), ഹദ്റത്ത് ഫാത്തിമ(റ) എന്നിവരെയും കാണുകയുണ്ടായി. ഇതൊരു സ്വപ്നമായിരുന്നില്ല, മറിച്ച് ഉണർവിന്റെ തന്നെ ഒരു അവസ്ഥാവിശേഷമായിരുന്നു. ചുരുക്കത്തിൽ ഇപ്രകാരം പല പരിശുദ്ധാത്മാക്കളുമായും കൂടിക്കാഴ്ചകൾ ഉണ്ടായി. അത് വിവരിക്കുന്നത് ദീർഘമായിപോകും. ഇതുകൂടാതെ ആത്മീയ പ്രകാശങ്ങൾ രൂപകമായി ചുവപ്പും പച്ചയും തൂണുകളുടെ രൂപത്തിൽ മനോഹരമായും ആകർഷകമായും കാണപ്പെടുമായിരുന്നു, അവ വിവരണാതീതമാണ്. ഭൂമിയിൽ നിന്ന് നേരെ ആകാശത്തേക്ക് പോയിട്ടുള്ള ആ പ്രകാശ സ്തംഭങ്ങളിൽ ചിലത് തിളങ്ങുന്ന വെള്ളയും ചിലത് ചുവപ്പുമായിരുന്നു. അവയുമായി മനസ്സിന് അഗാധമായ ബന്ധമുണ്ടായിരുന്നു, അത് കാണുമ്പോൾ മനസ്സിന് വലിയ സന്തോഷം ലഭിക്കുമായിരുന്നു. അത് കാണുമ്പോൾ മനസ്സിനും ആത്മാവിനും ലഭിക്കുന്ന ആനന്ദം ദുനിയാവിലെ മറ്റൊരു ലഹരിക്കും നല്കാൻ സാധിക്കില്ല. അദ്ദേഹം പറയുന്നു: എന്റെ അഭിപ്രായത്തിൽ ആ സ്തംഭ

• ഹദീഥുന്നബ്‌വി ﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ങ്ങൾ അല്ലാഹുവും അടിമയും തമ്മിലുള്ള സ്നേഹത്തിന്റെ ഒരു സമ്മിശ്ര രൂപമായിട്ടാണ് വെളിപ്പെട്ടത്. അതായത് ഒരു പ്രകാശം ഹൃദയത്തിൽ നിന്ന് പുറപ്പെട്ടു, രണ്ടാമത്തെ പ്രകാശം മുകളിൽ നിന്ന് ഇറങ്ങിവന്നു, രണ്ടും കൂടിച്ചേർന്നപ്പോൾ ഒരു തൂണിന്റെ രൂപം ഉണ്ടായി. അതായത് താഴെ നിന്ന് മുകളിലേക്കും മുകളിൽ നിന്ന് താഴേക്കും വരുന്നതും പരസ്പരം ചേരുന്നതുമായ തൂണുകളായിരുന്നു അവ. ഇവ ആത്മീയ കാര്യങ്ങളാണ്, ദുനിയാവിന് ഇവ തിരിച്ചറിയാൻ സാധിക്കില്ല. കാരണം അവ ഭൗതിക നേത്രങ്ങളിൽ നിന്ന് വളരെ അകലെയാണ്. എന്നാൽ ദുനിയാവിൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നവരുമുണ്ട്.

അദ്ദേഹം പറയുന്നു: ചുരുക്കത്തിൽ ഇത്രയും കാലം നോമ്പ് നോറ്റതുകൊണ്ട് എനിക്ക് വെളിപ്പെട്ട അത്ഭുതങ്ങൾ വിവിധങ്ങളായ മുകാശഫാത്തുകൾ (ജാഗ്രതാദർശനങ്ങൾ) ആയിരുന്നു. മറ്റൊരു നേട്ടം എനിക്ക് ലഭിച്ചത്, ഈ മുജാഹിദകൾക്ക് (ആത്മീയ പരിശ്രമങ്ങൾ) ശേഷം എന്റെ നഫ്സിനെ (മനസ്സിനെ) ഞാൻ എപ്രകാരം പരുവപ്പെടുത്തിയെന്നാൽ, അത്യാവശ്യ ഘട്ടങ്ങളിൽ പട്ടിണിയിൽ പരമാവധി ക്ഷമിക്കാൻ എനിക്ക് സാധിച്ചു. തടിയനായ, ഗുസ്തിക്കാരനായ ഒരാളെ എന്നോടൊപ്പം പട്ടിണി കിടക്കാൻ നിർബന്ധിച്ചാൽ, എനിക്ക് ഭക്ഷണത്തിനായി അസ്വസ്ഥത ഉണ്ടാകുന്നതിന് മുമ്പ് അദ്ദേഹം മരണപ്പെട്ടേക്കാം എന്ന് പലപ്പോഴും ഞാൻ ചിന്തിച്ചിട്ടുണ്ട്. മനുഷ്യന് പട്ടിണിയിൽ എത്രത്തോളം പുരോഗതി പ്രാപിക്കാൻ കഴിയുമെന്നതിനും ഇതിലൂടെ എനിക്ക് തെളിവ് ലഭിച്ചു. ഒരാളുടെ ശരീരം ഇത്രത്തോളം കടുപ്പമേറിയതാകുന്നത് വരെ അത്തരമൊരു സുഖലോലുപൻ ആത്മീയ പുരോഗതികൾക്ക് അർഹനല്ല എന്നാണ് എന്റെ വിശ്വാസം.

എന്നാൽ അദ്ദേഹം പറഞ്ഞു: പക്ഷേ ഞാൻ എല്ലാവരോടും ഇത് ചെയ്യാൻ ഉപദേശിക്കുന്നില്ല, എല്ലാവരോടും ഇപ്രകാരം ചെയ്യാൻ ഞാൻ പറയുന്നില്ല. ഞാൻ എന്റെ ഇഷ്ടപ്രകാരമല്ല ഇത് ചെയ്തതു, മറിച്ച് അല്ലാഹുവിന്റെ കല്പന പ്രകാരമാണ് ചെയ്തത്. കഠിനമായ ആത്മീയ അഭ്യാസങ്ങൾ സ്വീകരിക്കുകയും അവസാനം തലച്ചോറിലെ വരൾച്ച കാരണം ഭ്രാന്തന്മാരായി മാറുകയും ചെയ്ത പല അറിവില്ലാത്ത ദർവേശുമാരെയും(സാധുക്കളെയും) ഞാൻ കണ്ടിട്ടുണ്ട്. തലച്ചോറിൽ വരൾച്ച ഉണ്ടാകുകയും അത് പ്രവർത്തന രഹിതമാകുകയും ശിഷ്ടകാലം ഭ്രാന്തിലോ ക്ഷയം, ആസ്തമ തുടങ്ങിയ രോഗങ്ങളിലോ അവർ കഴിച്ചു കൂട്ടി. എല്ലാ മനുഷ്യരുടെയും മസ്തിഷ്ക ശേഷി ഒരേ പോലെയല്ല. അതിനാൽ പ്രകൃത്യാ ദുർബലരായ ആളുകൾക്ക് ശാരീരികമായ മുജാഹദകൾ യോജിച്ചതല്ല. അവർ വേഗത്തിൽ അപകടകരമായ രോഗങ്ങളിൽ അകപ്പെടും. ഏതായാലും ഇസ്‌ലാം മിതമായ ഒരു മതമാണ്, കൂടാതെ അല്ലാഹുവിന്റെ പ്രത്യേക സഹായവും ഇതിലുണ്ട്. അതിനാൽ ഞാൻ ചെയ്തത കാര്യം ചെയ്യാൻ എല്ലാവരും ശ്രമിക്കരുത് എന്ന് അദ്ദേഹം പറയുകയുണ്ടായി. സാധാരണക്കാർക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്. ഏതായാലും അദ്ദേഹം പറയുന്നു: മനുഷ്യൻ സ്വന്തം താത്പര്യപ്രകാരം കഠിനമായ മുജാഹിദകളിൽ ഏർപ്പെടാതെ ദീനുൽ അജായിസ് (ലളിതമായ മതം) സ്വീകരിക്കുന്നതാണ് ഉത്തമം. ദീനിലെ ലളിതമായ കാര്യങ്ങൾ അഥവാ ഒരു സാധാരണക്കാരന്റെ ജോലി സുന്നത്തനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. അത് സ്വീകരിക്കുക. അതെ, അല്ലാഹുവിൽ നിന്ന് വല്ല ഇൽഹാമും ഉണ്ടാകുകയും അത് ഇസ്‌ലാമിക ശരീഅത്തിന് വിരുദ്ധവുമല്ലെങ്കിൽ അത് നിർവഹിക്കൽ നിർബന്ധമാണ്. എന്നാൽ ഇന്നത്തെ വിവരമില്ലാത്ത മിക്ക ഫക്കീർമാരും പഠിപ്പിക്കുന്ന മുജാഹിദകളുടെ അന്ത്യം നല്ലതല്ല. അതിനാൽ അവരിൽ നിന്ന് വിട്ടുനിൽക്കണം.

(കിതാബുൽ ബരിയ്യ, റൂഹാനി ഖസാഇൻ വാല്യം 13, പേജ് 196 മുതൽ 200 വരെയുള്ള അടിക്കുറിപ്പ്)

ഇപ്പോഴും ചിലർ ഇത് ചെയ്യൂ അത് ചെയ്യൂ എന്നൊക്കെ പറയുന്നു. അത്തരം ആളുകളുടെ വാക്ക് കേൾക്കരുത്. ഇപ്പോൾ ടിവി പ്രോഗ്രാമുകളിലും ഇത്തരം കാര്യങ്ങൾ വരാറുണ്ട്. മനുഷ്യൻ മിതത്വം എന്താണെന്ന് നോക്കി അത് സ്വീകരിക്കണം. തന്റെ കരുത്തനുസരിച്ച് ഹഖുല്ലാഹ് (അല്ലാഹുവിനോടുള്ള കടമകൾ), ഹഖുൽ ഇബാദ് (സൃഷ്ടികളോടുള്ള കടമകൾ) എന്നിവ നിർവഹിക്കാൻ ശ്രമിക്കണം. ആരാധനയുടെ രീതികളും നബി തിരുമേനി(സ) പഠിപ്പിച്ചതിൽ കുറഞ്ഞ നിലവാരമെങ്കിലും നേടിയെടുക്കാൻ ശ്രമിക്കുകയും അതിൽ പുരോഗതി പ്രാപിക്കുകയും വേണം. സാവധാനം പുരോഗതി ഉണ്ടാകും. എന്നാൽ അനാവശ്യമായി പ്രയാസത്തിലാക്കുന്നത് ഇസ്‌ലാം വിലക്കിയിട്ടുണ്ട്, അദ്ദേഹവും ഇതു വിലക്കിയിട്ടുണ്ട്.

### കുട്ടിക്കാലം മുതൽ അദ്ദേഹത്തിന്റെ അവസ്ഥ എപ്രകാരമായിരുന്നു?

നിവേദനങ്ങളിൽ ഇപ്രകാരം വരുന്നു. മുസ്തരി ഫഖീർ മുഹമ്മദ് സാഹിബ് പറയുന്നു:

'എന്റെ പിതാവ് ജീവാ സാഹിബ് ഞങ്ങൾക്ക് പറഞ്ഞുതരുമായിരുന്നു: ഒരിക്കൽ മിർസാ സാഹിബ് വീടിന്റെ മുകളിൽ നിന്ന് താഴെ വീഴുകയും അദ്ദേഹത്തിന് കഠിനമായ പരിക്കേൽക്കുകയും ചെയ്തു. മിർസാ സാഹിബ് വീടിന് മുകളിൽ നിന്ന് വീണു എന്ന വിവരം അറിഞ്ഞപ്പോൾ ഞങ്ങൾ അദ്ദേഹത്തെ കാണാനായി പോയി. ബോധം തിരിച്ചുകിട്ടിയ ഉടനെ അദ്ദേഹം ചോദിച്ചത് 'നിസ്കാരത്തിന് സമയമായോ?' എന്നാണ്. നിസ്കാരത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹം അത്രമാത്രമായിരുന്നു. അദ്ദേഹം ഈ കാര്യം പറഞ്ഞു തരുമ്പോൾ ഞാൻ ചെറിയ കുട്ടിയായിരുന്നു.' *(രജിസ്റ്റർ രിവായാത്തെ സഹാബ (അപ്രകാശിതം), വാല്യം 1, പേജ് 58, മുസ്തരി ഫഖീർ മുഹമ്മദ് സാഹിബ് തർഖാൻ ഖാദിരാബാദിന്റെ നിവേദനം)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ), ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് (റ) വിൽ നിന്നുള്ള ഒരു നിവേദനം ഇപ്രകാരം വിവരിക്കുന്നു:

'1895ൽ റമദാൻ മാസം മുഴുവൻ ഖാദിയാനിൽ ചെലവഴിക്കാൻ എനിക്ക് അവസരം ലഭിച്ചു. ആ മാസം മുഴുവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിന്നിലായി ഞാൻ തഹജ്ജുദ് നിസ്കാരം, അതായത് തറാവീഹ് നിർവ്വഹിച്ചു. രാത്രിയുടെ ആദ്യഭാഗത്ത് തന്നെ വിത്ർ നിസ്കരിക്കുകയും രാത്രിയുടെ അവസാനത്തിൽ എട്ട് റക്അത്ത് തഹജ്ജുദ് (രണ്ട് റക്അത്ത് വിത്രം) നിസ്കരിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ പതിവ്. തഹജ്ജുദിലെ ആദ്യ റക്അത്തിൽ അദ്ദേഹം എപ്പോഴും ആയത്തുൽ കുർസി തിലാവത്ത് ചെയ്യുമായിരുന്നു. അതായത്:

اَللّٰهُ لَآ اِلٰهَ اِلَّا هُوَ മുതൽ وَهُوَ الْعَلِيُّ الْعَظِيْمُ വരെ.

(അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവ മുതൽ വ ഹുവൽ അലിയ്യുൽ അളീം വരെ)

രണ്ടാമത്തെ റക്അത്തിൽ സൂറത്തുൽ ഇഖ്‌ലാസ് പാരായണം ചെയ്യും. റുകൂഇലും സുജൂദിലും അദ്ദേഹം:

يَا حَيُّ يَا قَيُّوْمُ بِرَحْمَتِكَ اَسْتَغِيْثُ

(യ ഹൈയ്യു യ ഖയ്യൂമു ബിറഹ്മതിക്ക അസ്തഗീസു)

എന്ന് ധാരാളമായി പ്രാർത്ഥിക്കുമായിരുന്നു. എനിക്ക് കേൾക്കാൻ പാകത്തിലുള്ള ശബ്ദത്തിലാണ് അദ്ദേഹം അത് ചൊല്ലിയിരുന്നത്.' അതായത് ശബ്ദം അമിതമായി ഉയർന്നതോ താഴ്ന്നതോ

• ഹദീഥുന്നബ്‌വി ﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വി ﷺ •

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

അല്ലാത്ത രീതിയിൽ പതുക്കെയായിരുന്നു അദ്ദേഹം അത് പാരായണം ചെയ്തിരുന്നത്. 'കൂടാതെ അദ്ദേഹം എപ്പോഴും തഹജ്ജുദ് നിസ്കാരത്തിന് ശേഷമാണ് അത്താഴം കഴിച്ചിരുന്നത്. അത് എത്രത്തോളം വൈകിപ്പിക്കുമായിരുന്നുവെന്നാൽ, ചിലപ്പോൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ബാങ്ക് വിളിക്കുമായിരുന്നു. ചില സന്ദർഭങ്ങളിൽ ബാങ്ക് തീരുന്നത് വരെ അദ്ദേഹം ഭക്ഷണം കഴിക്കാറുണ്ടായിരുന്നു.'

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എഴുതുന്നു:

'...യഥാർത്ഥത്തിൽ കിഴക്കൻ ചക്രവാളത്തിൽ സുബ്ഹി സാദിഖ് (പുലർകാലം) വെളിപ്പെടുന്നത് വരെ അത്താഴം കഴിക്കുന്നത് അനുവദനീയമാണ് എന്നതാണ് വസ്തുത. അതിന് ബാങ്കുമായി ബന്ധമില്ല. കാരണം സുബ്ഹി ബാങ്കിന്റെ സമയം നിശ്ചയിച്ചിരിക്കുന്നത് സുബ്ഹി സാദിഖ് (പുലർകാലം) വെളിപ്പെടുന്ന സമയത്താണ്. അതിനാൽ ആളുകൾ സാധാരണയായി ബാങ്ക് വിളിക്കുന്നതിനെ അത്താഴത്തിന്റെ അവസാന പരിധിയായി കരുതുന്നു.' അദ്ദേഹം ഒരു ഉദാഹരണം നൽകി: 'ഖാദിയാനിൽ സുബ്ഹി സാദിഖ്' (പുലർകാലം) വെളിപ്പെടുന്ന ഉടനെ ബാങ്ക് വിളിക്കാറുണ്ടായിരുന്നു. എന്നാൽ ചിലപ്പോൾ അശ്രദ്ധയാലോ തെറ്റായോ അതിനു മുൻപേ ബാങ്ക് വിളിക്കാനും സാധ്യതയുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ബാങ്കിനെ അത്ര മാത്രം കാര്യമാക്കിയിരുന്നില്ല, മറിച്ച് സുബ്ഹി സാദിഖ് (പുലർകാലം) വെളിപ്പെടുന്നത് വരെ അത്താഴം കഴിച്ചുകൊണ്ടിരിക്കുമായിരുന്നു. ശാസ്ത്രീയമായോ കണക്കുകൂട്ടലുകൾ വഴിയോ സുബ്ഹി സാദിഖ് (പുലർകാലം) ആരംഭിക്കുന്ന ഉടനെ ഭക്ഷണം ഉപേക്ഷിക്കണമെന്നല്ല ശരീഅത്തിന്റെ താല്പര്യം. മറിച്ച്, സാധാരണക്കാരുടെ കണ്ണിൽ പ്രഭാതത്തിന്റെ വെളിച്ചം വ്യക്തമാകുമ്പോൾ ഭക്ഷണം ഉപേക്ഷിക്കണമെന്നാണ്. تَبَيَّنَ(വ്യക്തമാകുക) എന്ന വാക്ക് ഇതാണ് സൂചിപ്പിക്കുന്നത്.

ഹദീസിലും ഇപ്രകാരം വന്നിട്ടുണ്ട്. തിരുനബി(സ) പറഞ്ഞു: ബിലാലിന്റെ ബാങ്ക് കേട്ട് നിങ്ങൾ അത്താഴം നിർത്തരുത്, മറിച്ച് ഇബ്നു ഉമ്മു മക്തൂമിന്റെ ബാങ്ക് വരെ നിങ്ങൾ തീർച്ചയായും ആഹാരം കഴിച്ചുകൊള്ളുക. കാരണം ഇബ്നു ഉമ്മു മക്തൂം അന്ധനായിരുന്നു, പ്രഭാതമായെന്ന് ആളുകൾ വിളിച്ചുപറയുന്നത് വരെ അദ്ദേഹം ബാങ്ക് വിളിക്കാറില്ലായിരുന്നു. *(സീറത്തുൽ മഹ്ദി വാല്യം 1, ഭാഗം 2, പേജ് 295,296 നിവേദനം 320)*

ഏതായാലും ഇന്ന് കാലം മാറിയിരിക്കുന്നു. ആധുനിക ഉപകരണങ്ങളിലൂടെ സുബ്ഹി സാദിഖിന്റെ കൃത്യമായ സമയം അറിയാൻ സാധിക്കും. അതിനാൽ സാധാരണയായി ബാങ്കിനെ അവസാന പരിധിയായി നിശ്ചയിച്ചിട്ടുണ്ട്. അത് പാലിക്കാൻ തന്നെയാണ് ശ്രമിക്കുന്നത്. എങ്കിലും ചിലപ്പോൾ തെറ്റുകൾ പറ്റിയേക്കാം. വല്ല തെറ്റായ ധാരണയാൽ ബാങ്ക് നേരത്തെ വിളിച്ചാൽ മുകളിൽ വിവരിച്ച തത്വമായിരിക്കും ബാധകമാകുക. റമദാൻ ആരംഭിക്കുന്നതിനാൽ കൂടിയാണ് ഞാൻ ഈ മാർഗ്ഗനിർദ്ദേശം നൽകുന്നത്. എങ്കിലും ആളുകൾ അമിതമായി ഇളവ് എടുത്ത് പകലായോ എന്ന് നോക്കി ഇരിക്കരുത്. നമ്മുടെ ബാങ്ക് സമയങ്ങളും കലണ്ടറുകളും കൃത്യമായ കണക്കുകൂട്ടലുകളിലൂടെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ കാലഘട്ടം പഴയ കാലത്തേക്കാൾ ആധുനികമായതിനാൽ തെറ്റുകൾക്ക് സാധ്യത കുറവാണ്. **അതിനാൽ ഓരോ പ്രദേശത്തെയും രാജ്യത്തെയും സമയത്തിനനുസരിച്ച് തയ്യാറാക്കിയിട്ടുള്ള ആ ചാർട്ട് (കലണ്ടർ) തന്നെ പിന്തുടരുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണം.**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഒരു നിവേദനം ഇപ്രകാരം വിവരിക്കുന്നു:

'മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) എന്നോട് പറയുകയുണ്ടായി; ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ഒരിക്കൽ മഴയ്ക്ക് വേണ്ടിയുള്ള നമസ്കാരം (ഇസ്തിസ്ഖാ നമസ്കാരം) നടക്കുകയുണ്ടായി. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പങ്കെടുത്തിരുന്നു. മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് മർഹൂം ആയിരിന്നു അതിന് നേതൃത്വം നൽകിയതെന്നു തോന്നുന്നു. ആ നമസ്കാരത്തിൽ ആളുകൾ ഒരുപാട് കരയുകയുണ്ടായി. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ അസാമാന്യമായ ആത്മനിയന്ത്രണം ഉണ്ടായിരുന്നതിനാൽ അദ്ദേഹം കരയുന്നത് ഞാൻ കണ്ടില്ല. ആ നമസ്കാരത്തിന് ശേഷം വളരെ വേഗത്തിൽ മേഘങ്ങൾ വരികയും മഴ പെയ്യുകയും ചെയ്തതായി ഞാൻ ഓർക്കുന്നു. അന്നേദിവസം തന്നെ മഴ പെയ്തുവെന്ന് തോന്നുന്നു. *(സീറത്തുൽ മഹ്ദി വാല്യം 1, ഭാഗം 2, പേജ് 393, നിവേദനം 435)*

ഇതുകേൾക്കുമ്പോൾ അദ്ദേഹം നമസ്കാരത്തിൽ കരയാറില്ലായിരുന്നു എന്ന് ആരും കരുതരുത്. തന്റെ യജമാനനായ തിരുനബി(സ)യെ പിന്തുടരുന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ ആരാധനകളെക്കുറിച്ച് ഇങ്ങനെയുള്ള നിവേദനങ്ങളും കാണാം; സുജൂദിലായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ നെഞ്ചിൽ നിന്ന് ഒരു കലം തിളയ്ക്കുന്നത് പോലുള്ള ശബ്ദം പുറപ്പെടുമായിരുന്നു. അദ്ദേഹം സുജൂദിൽ വീണുകിടന്ന് അങ്ങേയറ്റത്തെ വേദനയോടെ തേങ്ങിക്കരയുമായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ), ഹദ്റത്ത് അമ്മാൻ ജാൻ നുസ്രത്ത് ജഹാൻ ബീഗം സാഹിബ (റ) യുടെ ഒരു നിവേദനം ഇപ്രകാരം വിവരിക്കുന്നു; ഉമ്മ (അമ്മാൻ ജാൻ) പറഞ്ഞു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) അഞ്ചു നേരത്തെ നിസ്കാരം കൂടാതെ സാധാരണയായി രണ്ടുതരം നഫ്ളുകൾ നിസ്കരിക്കാറുണ്ടായിരുന്നു. ഒന്ന് ഇശ്റാഖ് നിസ്കാരം (രണ്ടോ നാലോ റക്അത്ത്), അത് എപ്പോഴും നിഷ്ഠയോടെ ചെയ്യാറില്ലായിരുന്നു. രണ്ടാമത്തേത് തഹജ്ജുദ് നിസ്കാരം (എട്ട് റക്അത്ത്), കഠിനമായ രോഗാവസ്ഥയിലല്ലാതെ അത് അദ്ദേഹം എപ്പോഴും നിസ്കരിക്കുമായിരുന്നു. എന്നാൽ അത്തരം സാഹചര്യങ്ങളിൽ പോലും തഹജ്ജുദ് സമയത്ത് അദ്ദേഹം കിടക്കയിൽ കിടന്നുകൊണ്ട് തന്നെ പ്രാർത്ഥിക്കുമായിരുന്നു. അവസാന കാലത്ത് ശാരീരികമായ തളർച്ച കാരണം അദ്ദേഹം സാധാരണയായി ഇരുന്നുകൊണ്ടായിരുന്നു തഹജ്ജുദ് നിർവ്വഹിച്ചിരുന്നത്.' *(സീറത്തുൽ മഹ്ദി വാല്യം 1, ഭാഗം 1, പേജ് 4, നിവേദനം 3)*

ഹദ്റത്ത് മൗലവി യഅ്ഖൂബ് അലി സാഹിബ് (റ) എഴുതുന്നു:

കേസുകളുടെ കാര്യങ്ങൾക്കായി അദ്ദേഹം പോകുമ്പോൾ തന്റെ പിതാവിനെ അനുസരിക്കുക എന്ന കടമ നിറവേറ്റാനാണ് പോയിരുന്നത്. **കോടതി നടപടികൾക്കിടയിൽ ഒരു നിസ്കാരം പോലും ഖളാ (വൈകി) ആകരുത് എന്ന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു, ഒരിക്കലും ഖളാ ആക്കിയിട്ടുമില്ല. അതുപോലെ അല്ലാഹുവിനോടുള്ള കടമകളുമായി (ഹുഖൂഖുല്ലാഹ്) ബന്ധപ്പെട്ട കാര്യങ്ങളിൽ അദ്ദേഹം ഒരിക്കലും അശ്രദ്ധ കാണിച്ചിരുന്നില്ല.**

കോടതിയുടെ നടുമുറ്റത്ത് നിസ്കാര സമയമായാൽ അദ്ദേഹത്തിന് അവിടെ മറ്റ് ജോലികളൊന്നുമില്ലാത്തതുപോലെ അദ്ദേഹം നിസ്കാരത്തിൽ മുഴുകുമായിരുന്നു.

പലപ്പോഴും അദ്ദേഹം നിസ്കാരത്തിലായിരിക്കുമ്പോൾ കോടതിയിൽ കേസിനായി വിളിക്കപ്പെടാറുണ്ട്, എങ്കിലും അദ്ദേഹം അങ്ങേയറ്റത്തെ മനഃശാന്തിയോടെ നിസ്കാരത്തിൽ തന്നെ തുടരും. ഒരിക്കൽ അദ്ദേഹം പറഞ്ഞു: 'ബട്ടാലയിൽ ഒരു കേസിന്റെ കാര്യത്തിനായി പോയപ്പോൾ നമസ്കാര സമയമായി, ഞാൻ നമസ്കരിക്കാൻ തുടങ്ങി. അറ്റൻഡർ പേര് വിളിച്ചുവെങ്കിലും ഞാൻ നിസ്കാരത്തിലായിരുന്നു. എതിർകക്ഷി കോടതിയിൽ ഹാജരാവുകയും ഞാൻ ഹാജരാകാത്തതിനാൽ ഏകപക്ഷീയമായ നടപടി (Ex-parte) സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹം അതിനായി ഒരുപാട് സമ്മർദ്ദം ചെലുത്തിയെങ്കിലും കോടതി അത് കാര്യമാക്കിയില്ല. കേസ് അദ്ദേഹത്തിന് വിരുദ്ധമായി വിധിക്കുകയും എനിക്ക് അനുകൂലമായി വിധി (Decree) നൽകുകയും ചെയ്തു. നമസ്കാരം കഴിഞ്ഞ് ഞാൻ ചെന്നപ്പോൾ, നിയമപരമായി ഞാൻ ഹാജരാകാത്ത സാഹചര്യം ജഡ്ജി കണക്കിലെടുത്തിട്ടുണ്ടാകുമെന്ന് കരുതി. ഒരു കക്ഷി ഹാജരായില്ലെങ്കിൽ അയാൾക്ക് വിരുദ്ധമായി വിധി പ്രഖ്യാപിക്കുക എന്നതാണ് നിയമം. എന്നാൽ ഞാൻ ഹാജരായി 'ഞാൻ നമസ്കരിക്കുകയായിരുന്നു' എന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, 'ഞാൻ നിങ്ങൾക്ക് അനുകൂലമായി വിധി പ്രഖ്യാപിച്ചു കഴിഞ്ഞു'. *(ഹയാത്തെ അഹ്മദ് വാല്യം 1, ഭാഗം 1, പേജ് 87)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഹദ്റത്ത് അമ്മാൻ ജാൻ (റ) യുടെ മറ്റൊരു നിവേദനം ഇപ്രകാരം വിവരിക്കുന്നു. അദ്ദേഹം എഴുതുന്നു:

**ഹദ്റത്ത് മസീഹ് മൗഊദ്(അ) വീട്ടിൽ മഗ്‌രിബ് നമസ്കാരത്തിന് ഇമാമത്ത് വഹിക്കുമ്പോൾ മിക്കപ്പോഴും സൂറ: യൂസുഫിലെ താഴെ പറയു**

**ന്ന വാക്കുകളുള്ള ആയത്ത് ഓതാറുണ്ടായിരുന്നു:**

إِنَّمَا أَشْكُوا بَثِّي وَحُزْنِي إِلَى اللّٰهِ **(ഞാൻ എന്റെ സങ്കടവും വ്യസനവും അല്ലാഹുവിന്റെ സന്നിധിയിൽ മാത്രമാണ് സമർപ്പിക്കുന്നത്.)**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശബ്ദത്തിൽ വളരെയധികം വികാരനിർഭരതയും വേദനയും ഉണ്ടായിരുന്നുവെന്നും അദ്ദേഹത്തിന്റെ ഖിറാഅത്ത് തരംഗരൂപത്തിലുള്ളതായിരുന്നുവെന്നും** ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) പറയുന്നു. *(സീറത്തുൽ മഹ്ദി വാല്യം 1, ഭാഗം 1, പേജ് 61, നിവേദനം 85)*

അതുപോലെ മിർസാ മുഹമ്മദ് ദീൻ സാഹിബ് (റ) വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) പള്ളിയിൽ ഫർള് നമസ്കാരം നിർവ്വഹിക്കുകയും സുന്നത്തുകളും നഫ്ളുകളും വീട്ടിൽ വെച്ച് നിസ്കരിക്കുകയും ചെയ്യുമായിരുന്നു. ഇശാ നമസ്കാരത്തിന് ശേഷം അദ്ദേഹം ഉറങ്ങുകയും പാതിരാത്രിക്ക് ശേഷം ഉണർന്ന് നഫ്ളുകൾ നിർവ്വഹിക്കുകയും ചെയ്യുമായിരുന്നു. അതിനുശേഷം വിശുദ്ധ ഖുർആൻ ഓതുമായിരുന്നു. അദ്ദേഹം മണ്ണെണ്ണ വിളക്ക് കത്തിച്ചുവെച്ച് ഫജ്ർ ബാങ്ക് വരെ തിലാവത്ത് ചെയ്തുകൊണ്ടിരിക്കുമായിരുന്നു. *(അൽ ഫസൽ ഖാദിയാൻ, 1941 ഡിസംബർ 2, പേജ് 3)*

മറ്റൊരു സീറത്ത് രചയിതാവ് ഇപ്രകാരം എഴുതിയിരിക്കുന്നു:

**‘ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിശുദ്ധ ഖുർആനോടും തിരുനബി(സ)യുടെ സുന്നത്തിനോടും അങ്ങേയറ്റത്തെ അനുരാഗമായിരുന്നു.** അദ്ദേഹത്തിന്റെ ആരാധനകൾ ഒരിക്കലും ഖുർആനും സുന്നത്തും അതിലംഘിക്കുന്നവയായിരുന്നില്ല. അഞ്ചു നേരത്തെ നമസ്കാരം കൂടാതെ തഹജ്ജുദ് നമസ്കാരത്തിൽ അദ്ദേഹം വലിയ നിഷ്ഠ പുലർത്തിയിരുന്നു. ഇഷ്റാഖ് നമസ്കാരവും അദ്ദേഹം നിർവ്വഹിക്കാറുണ്ടായിരുന്നുവെങ്കിലും തഹജ്ജുദ് നമസ്കാരത്തോട് വലിയ ഇഷ്ടമായിരുന്നു. നമസ്കാരത്തിൽ അദ്ദേഹത്തിന് അല്ലാഹുവോടുള്ള ശ്രദ്ധയും ഏകാഗ്രതയും എത്രത്തോളമെന്നാൽ, അദ്ദേഹം ഈ ലോകത്തല്ല ഉള്ളതെന്ന് തോന്നിപ്പോകുമായിരുന്നു. തഹജ്ജുദ് നമസ്കാരത്തിൽ സൂറത്തുൽ ഫാത്തിഹ അതീവ വേദനയോടെയും ശ്രദ്ധയോടെയും അദ്ദേഹം ഓതുമായിരുന്നു. ഒരുപാട് പ്രാർത്ഥനകൾ ചെയ്യുമായിരുന്നു. തുടക്കകാലത്ത് ചിലപ്പോൾ നമസ്കാരത്തിൽ മനസ്സാന്നിധ്യം ലഭിച്ചില്ലെങ്കിൽ അദ്ദേഹം ആ നമസ്കാരം വീണ്ടും വീണ്ടും ആവർത്തിക്കുമായിരുന്നു. അദ്ദേഹം പറയുമായിരുന്നു: ‘ഈ വിദ്യ ഞാൻ ഒരു മദ്യപാനിയിൽ നിന്നാണ് പഠിച്ചത്’. ‘ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറഞ്ഞു: ‘ഒരിക്കൽ എനിക്ക് നമസ്കാരത്തിൽ മനസ്സാന്നിധ്യം ലഭിക്കുന്നുണ്ടായിരുന്നില്ല. അപ്പോൾ ഞാൻ കാട്ടിലേക്ക് പോയി അവിടെ വെച്ച് നമസ്കരിക്കാമെന്ന് കരുതി. പോകുന്ന വഴിയിൽ കമ്പോളത്തിൽ വെച്ച് ഒരു ഹൈന്ദവൻ തന്റെ സുഹൃത്തിനോട് ഇപ്രകാരം പറയുന്നത് കേട്ടു: ഭരാത്രി ഞങ്ങൾ ഒരു പെഗ് മദ്യമടിച്ചു, പക്ഷേ ലഹരി തോന്നിയില്ല. അപ്പോൾ ഞങ്ങൾ രണ്ടാമത്തെ പെഗ് അടിച്ചു. എന്നിട്ടും ലഹരി തോന്നാതിരുന്നപ്പോൾ മൂന്നാമത്തെ പെഗ് അടിച്ചു.ഭ ചുരുക്കത്തിൽ ലഹരി പിടിക്കുന്നത് വരെ അവൻ അത് ആവർത്തിച്ചു. അദ്ദേഹം പറയുന്നു: ഭഞാനും ചിന്തിച്ചു, എനിക്കും ആത്മീയ ലഹരി (മനസ്സാന്നിധ്യം) ലഭിക്കുന്നത് വരെ ഞാൻ വീണ്ടും വീണ്ടും നമസ്കരിക്കും. (മുജദ്ദിദെ അഅ്സം, ഡോക്ടർ ബശാർ അഹ്മദ് സാഹിബ്, വാല്യം 1, പേജ് 26)

ഫർളുകൾ ഇത്തരത്തിൽ ആവർത്തിക്കാൻ കഴിയില്ല. അതിനാൽ നഫ്ളുകളുടെ കാര്യത്തിലാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത്; ലഹരി പിടിക്കുന്നത് വരെ, അതായത് മനസ്സാന്നിധ്യം ലഭിക്കുന്നത് വരെ ഞാൻ വീണ്ടും വീണ്ടും നമസ്കരിക്കും എന്ന്.

**നമസ്കാരം കൂടാതെ ഖുർആൻ പാരായണം, സ്വലാത്ത്, ഇസ്തിഗ്ഫാർ എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. ഖുർആനോട് അദ്ദേഹത്തിന് അനുരാഗമായിരുന്നു. ഇരിക്കുമ്പോഴും നടക്കുമ്പോഴുമെല്ലാം അദ്ദേഹം ഖുർആൻ ഓതിക്കൊണ്ടിരിക്കുകയും തേങ്ങിക്കരയുകയും ചെയ്യുമായിരുന്നു.** ഞാൻ നേരത്തെ പറഞ്ഞതുപോലെ, മഴയ്ക്ക് വേണ്ടിയുള്ള നമസ്കാരത്തിനിടെ അദ്ദേഹം കരയുന്നത് കണ്ടില്ല എന്നത് അദ്ദേഹം കരയാറില്ല എന്നല്ല അർത്ഥമാക്കുന്നത്. അദ്ദേഹം കരയാറുണ്ടായിരുന്നു. ഖുർആൻ ഓതുമ്പോൾ അദ്ദേഹത്തിന്റെ കണ്ണ് നിറയുമായിരുന്നു. സ്വലാത്ത് അദ്ദേഹം അർത്ഥം ഗ്രഹിച്ചുകൊണ്ട് ധാരാളമായി ചൊല്ലുമായിരുന്നു. ചിലപ്പോൾ ആ വേദനയോടെ അങ്ങനെ ചൊല്ലുമ്പോൾ കരച്ചിലും വന്നിരുന്നു.

ഒരിക്കൽ **ഇശ്റാഖ് നമസ്കാരം** നിർവ്വഹിച്ചതിനെക്കുറിച്ച് അദ്ദേഹം തന്നെ വിവരിക്കുകയും അവിടെ തേനിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുകയും ചെയ്തു. തേനും പ്രമേഹരോഗവും (Diabetes) തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചർച്ചയ്ക്കിടയിൽ അദ്ദേഹം ഇപ്രകാരം പറയുന്നു: ‘പ്രമേഹം കാരണം എനിക്ക് വലിയ പ്രയാസമുണ്ടായിരുന്നു. മധുരം ഇതിന് വലിയ ദോഷമാണെന്നാണ് ഡോക്ടർമാർ പറയുന്നത്. ഇതേക്കുറിച്ച് ഞാൻ ചിന്തിച്ചപ്പോൾ എനിക്ക് തോന്നി, വിപണിയിലുള്ള പഞ്ചസാരയും മറ്റും ഉണ്ടാക്കുന്നത് മിക്കപ്പോഴും അധർമ്മകാരികളായ മനുഷ്യരാണ്, അത് ദോഷകരമാകുന്നതിൽ അത്ഭുതമില്ല. എന്നാൽ തേൻ (അസൽ) അല്ലാഹുവിന്റെ വഹ്യ് (ദൈവിക വെളിപാട്) മുഖേന തയ്യാറാക്കപ്പെടുന്നതാണ്. അതിനാൽ അതിന്റെ ഗുണങ്ങൾ മറ്റു മധുരങ്ങളെപ്പോലെയാകില്ല. തേനും മറ്റുള്ളവയെപ്പോലെ ആയിരുന്നെങ്കിൽ മധുരപദാർത്ഥങ്ങളെ പൊതുവായി **‘ശിയാഉൻ ലിന്നാസ്’** (മനുഷ്യർക്ക് ശമനമുള്ളത്) എന്ന് പറയില്ലായിരുന്നു, മറിച്ച് തേനിനെ മാത്രമാണ് അപ്രകാരം വിശേഷിപ്പിച്ചത്. അതിനാൽ അതിന്റെ ഈ പ്രത്യേകത അതിന്റെ ഗുണത്തിനുള്ള തെളിവാണ്. വഹ്യ് മുഖേന നിർമ്മിക്കപ്പെടുന്നതിനാൽ പൂക്കളിൽ നിന്ന് നീര് കുടിക്കുമ്പോൾ തേനീച്ച തീർച്ചയായും ഉപകാരപ്രദമായ അംശങ്ങൾ മാത്രമേ എടുക്കുകയുള്ളൂ. ഈ ചിന്തയാൽ ഞാൻ അല്പം തേനിൽ കേവ്ഡ (Pandanus odorifer) കലർത്തി കുടിച്ചു. അല്പസമയത്തിന് ശേഷം എനിക്ക് വലിയ ആശ്വാസം തോന്നി, നടക്കാൻ കഴിയുന്ന അവസ്ഥയിലായി. പ്രമേഹം കാരണം നേരത്തെ വലിയ ക്ഷീണം തോന്നിയിരുന്നു. ‘പിന്നീട് ഞാൻ വീട്ടുകാരെയും കൂട്ടി തോട്ടത്തിലേക്ക് പോകുകയും അവിടെ ഇശ്റാഖിന്റെ പത്ത് റക്അത്ത് നമസ്കാരം നിർവ്വഹിക്കുകയും ചെയ്തു. *(മൽഫൂസാത്ത് വാല്യം 7, പേജ് 34,35, 2022 പതിപ്പ്)*

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) വിവരിക്കുന്നു: ‘ഒരിക്കൽ അതീവ ശക്തമായ ഒരു ഭൂചലനമുണ്ടായി. എല്ലാ വീടുകളും വസ്തുക്കളും കുലുങ്ങാനും ആടാനും തുടങ്ങി. ജനങ്ങൾ പരിഭ്രാന്തരാവുകയും അസ്വസ്ഥരാവുകയും ചെയ്തു. അത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിന്റെ മസീഹിന്റെ അവസ്ഥ കണ്ടുതന്നെ അറിയേണ്ടതായിരുന്നു. കാരണം, ആകാശഭൂമികളിലുണ്ടാകുന്ന ഇത്തരം സംഭവങ്ങളിൽ അല്ലാഹുവോടുള്ള ഭയം തിരുനബി(സ)യുടെ മുഖത്ത് പ്രകടമാകാറുണ്ടായിരുന്നു എന്ന് ഹദീസുകളിൽ നാം വായിക്കാറുണ്ട്. ആകാശത്ത് ചെറിയൊരു മേഘം കണ്ടാൽ പോലും തിരുനബി(സ) അസ്വസ്ഥനാകുമായിരുന്നു; ചിലപ്പോൾ പുറത്തേക്ക് വരികയും ചിലപ്പോൾ അകത്തേക്ക് പോവുകയും ചെയ്യുമായിരുന്നു. ചുരുക്കത്തിൽ, ‘ هرکه عارف تر است ترسا تر’ (ആരാണോ കൂടുതൽ അറിവുള്ളവൻ, അവൻ കൂടുതൽ ഭയമുള്ളവനായിരിക്കും) എന്ന ആപ്തവാക്യത്തെ പ്രായോഗികമായി സത്യപ്പെടുത്തിക്കൊണ്ട് അല്ലാഹുവിന്റെ പ്രവാചകൻ കാണിച്ചുതന്നു.’

**ഭൂകമ്പം തുടങ്ങിയ ഉടനെ അദ്ദേഹം കുടുംബത്തോടും കുട്ടികളോടും ഒപ്പം അല്ലാഹുവിന്റെ സന്നിധിയിൽ പ്രാർത്ഥിക്കാനാരംഭിക്കുകയും തന്റെ റബ്ബിന് മുന്നിൽ സുജൂദിൽ വീഴുകയും ചെയ്തു. വളരെ നേരം ഖിയാമിലും റുകൂഇലും സുജൂദിലുമായി സേവകരോടൊപ്പം കുടുംബം മുഴുവൻ അല്ലാഹുവിന്റെ നിരാശ്രിതത്വത്തിന് മുന്നിൽ വിറച്ചും ഭയപ്പെട്ടും കഴിച്ചുകൂട്ടി.** *(ദിക്റെ ഹബീബ്, പേജ് 102)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ജമാഅത്ത് നമസ്കാരങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കവെ ഇപ്രകാരം പരാമർശിച്ചു: ഇന്ന് ആളുകൾ അകലങ്ങളിൽ താമസിക്കുന്നതിനാലും പള്ളികളിൽ വരുന്നത് പ്രയാസമായതിനാലും വീടുകളിൽ വെച്ച് നമസ്കരിക്കാറുണ്ട്. എന്നാൽ വീടുകളിൽ ഒറ്റയ്ക്കല്ല നമസ്കരിക്കേണ്ടത്, മറിച്ച് ജമാഅത്തായി തന്നെ നമസ്കരിക്കണമെന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) നിർദ്ദേശിച്ചു. അദ്ദേഹം പറയുന്നു:

**ജമാഅത്തായി നമസ്കരിക്കാനുള്ള ഒരു വഴി, ഭാര്യയെയും മക്കളെയും കൂട്ടി വീട്ടിൽ വെച്ച് തന്നെ ജമാഅത്തായി നമസ്കാരം നിർവ്വഹിക്കുക എന്ന**

താണ്.

പള്ളിയിൽ പോകാൻ സാധിക്കില്ലെങ്കിൽ വീട്ടിൽ വെച്ച് തന്നെ ജമാഅത്ത് നടത്തുക. ദൂരക്കൂടുതൽ കാരണം ഒറ്റയ്ക്ക് നമസ്കരിക്കുന്ന ശീലം വർദ്ധിക്കുകയും ജമാഅത്ത് നമസ്കാരത്തിന്റെ പ്രാധാന്യം ആളുകളുടെ ഹൃദയങ്ങളിൽ കുറയുകയും ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

**ഇന്നും നാം ഇത് കണ്ടുവരുന്നു. അതിനാൽ ഈ ശീലം ഉപേക്ഷിക്കുകയും ജമാഅത്തായി നമസ്കരിക്കുന്ന ശീലം വളർത്തുകയും ചെയ്യുക. എവിടെയെല്ലാം കുറവുകളുണ്ടോ അവിടെയെല്ലാം ആളുകൾ ഇക്കാര്യം ശ്രദ്ധിക്കണം. വീട്ടിൽ കുട്ടികളോടൊപ്പം ചേർന്ന് നമസ്കരിക്കുക, അത് കുട്ടികളിലും നമസ്കാരത്തിന്റെ ശീലം വളർത്താൻ സഹായിക്കും.**

പിന്നീട് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദാഹരണം നൽകി. പള്ളിയിൽ പോകാൻ കഴിയാത്ത സാഹചര്യങ്ങളിൽ അദ്ദേഹം വീട്ടിൽ വെച്ച് തന്നെ ജമാഅത്ത് നടത്താറായിരുന്നു പതിവ്; വല്ല ബുദ്ധിമുട്ടും ഉണ്ടെങ്കിൽ മാത്രമേ അദ്ദേഹം ഒറ്റയ്ക്ക് നമസ്കരിച്ചിരുന്നുള്ളൂ. മിക്കപ്പോഴും ഞങ്ങളുടെ ഉമ്മയെ (അമ്മാൻ ജാൻ) കൂട്ടി അദ്ദേഹം ജമാഅത്ത് നടത്തുമായിരുന്നു. ഉമ്മയോടൊപ്പം മറ്റ് സ്ത്രീകളും അതിൽ പങ്കുചേരുമായിരുന്നു. *(അൻവാറുൽ ഉലൂം വാല്യം 16, പേജ് 493)*

ഹദ്റത്ത് സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് ഷാ സാഹിബ് (റ) യുടെ ഒരു നിവേദനം ഇപ്രകാരം വിവരിക്കുന്നു:

'1935ൽ ഞാൻ സിയാൽക്കോട്ടിൽ പോയപ്പോൾ അവിടെ വെച്ച് ഫസൽ ദീൻ സാഹിബിന്റെ മകളും ഹാഫിസ് മുഹമ്മദ് ഷഫീഅ് സാഹിബ് ഖാരിയുടെ മാതാവുമായ ഹയാത്ത് ബീബി എന്ന വയോധികയെ കാണാനിടയായി. 105 വയസ്സായിരുന്നു അന്ന് അവർക്ക്. 1857ലെ വിപ്ലവകാലത്ത് അവിടെ തിക്കും തിരക്കും ഉണ്ടായപ്പോൾ താൻ യുവതിയായിരുന്നുവെന്ന് അവർ പറഞ്ഞു. സംസാരത്തിനിടെ അവർ ഇപ്രകാരം പറഞ്ഞു: 'മിർസാ സാഹിബ് (ഹദ്റത്ത് മസീഹ് മൗഊദ്(അ)) ആദ്യമായി ജോലി സംബന്ധമായി സിയാൽക്കോട്ടിൽ വന്ന കാലം മുതൽ എനിക്ക് അദ്ദേഹത്തെ അറിയാം. അന്ന് അദ്ദേഹത്തിന്റെ മുഖത്ത് താടി രോമങ്ങൾ കിളിർത്തു വരുന്ന പ്രായമേ ഉണ്ടായിരുന്നുള്ളൂ. സിയാൽക്കോട്ടിൽ വന്ന ശേഷം അദ്ദേഹം എന്റെ പിതാവിന്റെ വീടിന് മുന്നിൽ വന്ന് മിയാൻ ഫസൽ ദീൻ സാഹിബിനോട് താമസത്തിനായി മറ്റൊരു വീട് വാടകയ്ക്ക് തരുമോ എന്ന് ചോദിച്ചു. പിതാവ് വാതിൽ തുറന്നു, അദ്ദേഹം അകത്തേക്ക് വന്നു. വെള്ളം, കട്ടിൽ, മുസല്ല തുടങ്ങിയവ പിതാവ് അവിടെ ഒരുക്കി നൽകി. കോടതിയിൽ നിന്ന് മടങ്ങിവരുമ്പോൾ അദ്ദേഹം ആദ്യം എന്റെ പിതാവിനെ വിളിക്കുകയും അദ്ദേഹത്തെ കൂട്ടി വീട്ടിലേക്ക് പോവുകയും ചെയ്യുമായിരുന്നു. അദ്ദേഹം കൂടുതൽ സമയവും എന്റെ പിതാവിനോടൊപ്പമാണ് ചിലവഴിച്ചിരുന്നത്. അദ്ദേഹത്തിനുള്ള ഭക്ഷണം ഞങ്ങളുടെ വീട്ടിലാണ് പാകം ചെയ്തിരുന്നത്. എന്റെ പിതാവാണ് അദ്ദേഹത്തിന് ഭക്ഷണം എത്തിച്ചിരുന്നത്. അദ്ദേഹം അകത്ത് പോയി വാതിലടച്ച് മുറ്റത്തിരുന്ന് ഖുർആൻ ഓതിക്കൊണ്ടിരിക്കും. അദ്ദേഹം ഖുർആൻ ഓതിക്കൊണ്ടിരിക്കെ ചിലപ്പോൾ സുജൂദിൽ വീഴാറുണ്ടെന്നും വളരെ നീണ്ട സുജൂദുകൾ ചെയ്യാറുണ്ടെന്നും എന്റെ പിതാവ് പറയാറുണ്ടായിരുന്നു. അദ്ദേഹം എത്രത്തോളം കരയുമായിരുന്നുവെന്നാൽ നിലം വരെ നനഞ്ഞുപോകുമായിരുന്നു'. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ കാര്യങ്ങൾ വിവരിക്കവെ ഞാൻ അങ്ങയുടെ നാമത്തിന് തെണ്ടമായിത്തീരട്ടെ എന്ന് പലതവണ ആ വൃദ്ധ പറയുന്നുണ്ടായിരുന്നു. *(സീറത്തുൽ മഹ്ദി വാല്യം 1, ഭാഗം 3, പേജ് 594,595, നിവേദനം 625)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ), ഡോക്ടർ അല്ലാമാ ഇഖ്ബാൽ സാഹിബിന്റെ ഉസ്താദായിരുന്ന മൗലവി മീർ ഹസൻ സാഹിബിന്റെ ഒരു നിവേദനം ഇപ്രകാരം വിവരിക്കുന്നു:

'ഹദ്റത്ത് മിർസാ സാഹിബ് ആദ്യം കാശ്മീരിയാൻ എന്ന മൊഹല്ലയിൽ (വാർഡിൽ), ഈ പാപിയായ വിനീതന്റെ ദരിദ്രമായ വീടിന് തൊട്ടടുത്ത് ഉംറാ എന്ന് പേരുള്ള ഒരു കാശ്മീരിയുടെ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്നു. കോടതിയിൽ നിന്ന് തിരിച്ചുവന്നാൽ അദ്ദേഹം വിശുദ്ധ ഖുർആൻ തിലാവത്ത് ചെയ്യുന്നതിൽ മുഴുകുമായിരുന്നു. ഇരുന്നും നിന്നും നടന്നുമെല്ലാം അദ്ദേഹം പാരായണം ചെയ്യുമായിരുന്നു. അദ്ദേഹം തേങ്ങിക്കരഞ്ഞു കൊണ്ട് ഖുർആൻ ഓതുമായിരുന്നു. മറ്റൊന്നിനോടും ഉപമിക്കാനില്ലാത്ത വിധം അങ്ങേയറ്റത്തെ (വിനയത്തോടെയും ഭക്തി സാന്ദ്രമയിട്ടുമാണ് അദ്ദേഹം ഓതിയിരുന്നത്.

തുടർന്ന് അദ്ദേഹം എഴുതുന്നു: അക്കാലത്തെ പതിവനുസരിച്ച്, കേസുകളിലും മറ്റും ശുപാർശയ്ക്കായി ആളുകൾ ഉദ്യോഗസ്ഥരെ കാണാൻ ചെല്ലുന്നതുപോലെ അദ്ദേഹത്തെ കാണാനും ആളുകൾ വരുമായിരുന്നു; കേസ് അവർക്ക് അനുകൂലമാകാൻ വേണ്ടിയാണല്ലോ ആളുകൾ ഇങ്ങനെയൊക്കെ ചെയ്യുന്നത്. ആളുകളുടെ സ്വഭാവം അങ്ങനെയാണല്ലോ, ഏതെങ്കിലും കോടതിയിൽ ജോലി ചെയ്യുന്നവരുടെ അടുക്കൽ ശുപാർശയുമായി അവർ എത്തും. ആ വീടിന്റെ ഉടമസ്ഥനായ ഉംറായുടെ ജ്യേഷ്ഠൻ ഫസൽ ദീൻ സാഹിബ് ആ നാട്ടിൽ എല്ലാവരും ബഹുമാനിക്കുന്ന ഒരാളായിരുന്നു. ഒരിക്കൽ ആളുകൾ ഇപ്രകാരം തന്റെ അടുക്കൽ വന്നിരിക്കുന്നത് കണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) മിയാൻ ഫസൽ ദീൻ സാഹിബിനെ വിളിച്ചു പറഞ്ഞു: മിയാൻ ഫസൽ ദീൻ, ഇവിടുത്തെ ആളുകളോട് ഇവിടെ വരരുത് എന്ന് പറഞ്ഞു മനസ്സിലാക്കൂ. അവർ അവരുടെ സമയം കളയരുത്, എന്റെ സമയം നശിപ്പിക്കുകയും ചെയ്യരുത്. എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഞാൻ ജഡ്ജി അല്ല. എന്റെ ജോലി എന്താണോ അത് ഞാൻ കോടതിയിൽ വെച്ച് തന്നെ ചെയ്തു തീർക്കാറുണ്ട്. അതനുസരിച്ച് മിയാൻ ഫസൽ ദീൻ സാഹിബ് അവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി അവിടെ നിന്നും ഒഴിവാക്കുമായിരുന്നു. *(ഹയാത്തെ അഹ്മദ് വാല്യം 1, ഭാഗം 3, പേജ് 370,371)*

പട്യാലയിലെ അഹ്മദിയ്യ ഇതര വിശ്വാസിയായ മുൻഷി അബ്ദുൽ വാഹിദ് സാഹിബ്, **ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖുർആൻ പാരായണത്തെക്കുറിച്ച്** ഇപ്രകാരം വിവരിക്കുന്നു:

'ഹദ്റത്ത് മസീഹ് മൗഊദ്(അ) പതിനാല്പതിനഞ്ച് വയസ്സുള്ളപ്പോൾ പകൽ മുഴുവൻ ഖുർആൻ ഓതുകയും അതിന്റെ മാർജിനിൽ കുറിപ്പുകൾ എഴുതിക്കൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു. *(താരീഖെ അഹ്മദിയ്യ വാല്യം 1, പേജ് 64)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ച് ഇപ്രകാരം എഴുതുന്നു:

**മിർസാ സാഹിബിന് തന്റെ ബാല്യകാലത്ത് തന്നെ പിതാവിന്റെ ജീവിതത്തിൽ നിന്ന് ലൗകികമായ കാര്യങ്ങളോടുള്ള മടുപ്പ് തോന്നിപ്പിക്കുന്ന കടുത്ത അനുഭവങ്ങൾ കാണേണ്ടി വന്നു. അതിനാൽ ഭൗതിക ലോകത്തോട് അദ്ദേഹത്തിന് വിരക്തി തോന്നി. അദ്ദേഹം കേവലം കുട്ടിയായിരുന്നപ്പോൾ പോലും അദ്ദേഹത്തിന്റെ എല്ലാ ആഗ്രഹങ്ങളും ദൈവപ്രീതി നേടുന്നതിൽ മാത്രമായിരുന്നു.**

'അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ ശൈഖ് യഅ്ഖൂബ് അലി സാഹിബ് അദ്ദേഹത്തിന്റെ

• ഹദീഥുന്നബ്‌വി ﷺ •

"അത്തഅ്സിയത്തു മർറത്തുൻ."
അനുശോചനം ഒറ്റത്തവണ മതി.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ബാല്യകാലത്തെക്കുറിച്ച് ഒരു അത്ഭുതകരമായ സംഭവം വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന് പ്രായം വളരെ കുറവായിരുന്നപ്പോൾ, തന്റെ സമപ്രായക്കാരിയായ പെൺകുട്ടിയോട് (പിന്നീട് അദ്ദേഹം അവരെയാണ് വിവാഹം കഴിച്ചത്) പറയുമായിരുന്നു: നാ മുറാദേ, എനിക്ക് നമസ്കാരം ലഭിക്കാൻ വേണ്ടി നീ പ്രാർത്ഥിക്കുക. ആ ചെറിയ പ്രായത്തിൽ പറഞ്ഞ ഈ വാക്കുകളിൽ നിന്ന്, അദ്ദേഹത്തിന്റെ ഉള്ളിൽ എങ്ങനെയുള്ള വികാരങ്ങളാണ് അലതല്ലിയിരുന്നതെന്നും അദ്ദേഹത്തിന്റെ ആഗ്രഹങ്ങളുടെ കേന്ദ്രം അല്ലാഹു മാത്രമായിരുന്നുവെന്നും മനസ്സിലാക്കാം. അതോടൊപ്പം തന്നെ ആ പ്രായത്തിലുള്ള അദ്ദേഹത്തിന്റെ ബുദ്ധിവൈഭവവും ഇതിലൂടെ വ്യക്തമാകുന്നു. കാരണം, എല്ലാ ആഗ്രഹങ്ങളും നിറവേറ്റുന്നവൻ അല്ലാഹു മാത്രമാണെന്നും ആരാധിക്കാനുള്ള തൗഫീഖ് നൽകുന്നതും അവനാണെന്നും ആ കുരുന്നു പ്രായത്തിൽ അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. ലൗകിക സുഖങ്ങളെ മാത്രം ദൈവമായി കണ്ടിരുന്ന ഒരു ചുറ്റുപാടിൽ വളർന്നിട്ടും ഇത്തരമൊരു ചിന്ത ഉണ്ടാവുക എന്നത്, ദുനിയാവിന്റെ ഒരു കറയും പുരളാത്തതും ലോകത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ദൈവീക സഹായം ലഭിച്ചതുമായ ഒരു ഹൃദയത്തിൽ നിന്നല്ലാതെ വരികയില്ല. *(സീറത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ), പേജ് 9)*

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഞാൻ ബാല്യം മുതൽക്കേ നോമ്പ് നോൽക്കാൻ ശീലിച്ചവനാണ്. കുട്ടിക്കാലത്ത് ഒരിക്കൽ നോമ്പ് നോറ്റപ്പോൾ എനിക്ക് അസുഖം ബാധിച്ചു. എങ്കിലും അതിനുശേഷം ഞാൻ 29 നോമ്പുകളും പൂർത്തിയാക്കി; പ്രയാസങ്ങളൊന്നും ഉണ്ടായില്ല. അന്ന് എനിക്ക് അത് വലിയ സന്തോഷത്തിന്റെ പെരുന്നാളായിരുന്നു. ഓരോ പഴത്തിനും അതിന്റേതായ രുചിയുള്ളതുപോലെ ഓരോ ആരാധനയ്ക്കും അതിന്റേതായ ആസ്വാദനമുണ്ട്. ആ ആരാധനകളിൽ ആത്മീയതയുണ്ട്, അത് മനുഷ്യന് വിവരിക്കാൻ സാധ്യമല്ല. താത്പര്യമുണ്ടെങ്കിൽ കഷ്ടപ്പാടുകളും പ്രയാസങ്ങളും കുറഞ്ഞതായി തോന്നും. ആരാധനയിൽ മനുഷ്യന്റെ ആത്മാവ് അങ്ങേയറ്റം അലിഞ്ഞ് വെള്ളത്തെപ്പോലെ ഒഴുകി ദൈവത്തിൽ ചെന്നുചേരേണ്ടതുണ്ട്. *(ദിക്റെ ഹബീബ്, പേജ് 193)*

പ്രശസ്ത നേതാവായ സമീന്ദാർ പത്രത്തിന്റെ എഡിറ്റർ സഫർ അലി ഖാൻ സാഹിബിന്റെ പിതാവ് മൗലവി സിറാജുദ്ദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സിയാൽക്കോട്ട് കാലത്തെ തിരക്കുകളെക്കുറിച്ച് ഇപ്രകാരം എഴുതുന്നു: '1877ൽ ഒരു രാത്രി ഖാദിയാനിൽ അദ്ദേഹത്തിന്റെ അതിഥിയാകാനുള്ള ഭാഗ്യം ഞങ്ങൾക്ക് ലഭിച്ചു. ആ ദിവസങ്ങളിലും അവിടുന്ന് ആരാധനകളിലും വസീഫകളിലും എത്രത്തോളം മുഴുകിയിരുന്നുവെന്നാൽ അതിഥികളോട് പോലും വളരെ കുറച്ചുമാത്രമേ സംസാരിച്ചിരുന്നുള്ളൂ. *(ഹയാത്തെ അഹ്മദ് വാല്യം 1, ഭാഗം 3, പേജ് 374)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) മറ്റൊരു നിവേദനം ഇപ്രകാരം വിവരിക്കുന്നു. ഹദ്റത്ത് ഭായ് അബ്ദുറഹ്മാൻ സാഹിബ് ഖാദിയാനി (റ) പറയുന്നു: '1900ലെ ബലിപെരുന്നാളിന് തലേദിവസം, അതായത് ഹജ്ജിന്റെ ദിവസം, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ (ഖലീഫത്തുൽ മസീഹ് ഒന്നാമൻ (റ)) വിളിച്ച് ഇപ്രകാരം അറിയിച്ചു: ഈ ഹജ്ജിന്റെ ദിവസം പ്രത്യേക പ്രാർത്ഥനകളിൽ ചിലവഴിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ പ്രാർത്ഥനയ്ക്കായി അപേക്ഷ നൽകാൻ ആഗ്രഹിക്കുന്ന സുഹൃത്തുക്കളുടെ പേരുകൾ എഴുതി ഒരു പട്ടിക തയ്യാറാക്കി എനിക്ക് അയച്ചുതരിക. ആ ദിവസം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ) മുഖേന ധാരാളം പ്രാർത്ഥനാ അപേക്ഷകൾ അദ്ദേഹത്തിന്റെ അടുക്കൽ എത്തിയെന്ന് ഭായ് സാഹിബ് വിവരിക്കുന്നു. ചിലർ നേരിട്ടും അപേക്ഷകൾ സമർപ്പിച്ചു. ആ കാലത്ത് പെരുന്നാൾ നമസ്കാരത്തിനും അദ്ദേഹത്തെ കാണാനുമായി പുറംനാടുകളിൽ നിന്ന് ധാരാളം സുഹൃത്തുക്കൾ ഖാദിയാനിൽ എത്താറുണ്ടായിരുന്നു. അവരും ഈ പ്രാർത്ഥനാ സംഗമത്തിൽ പങ്കുചേർന്നു. ഖാദിയാനിലെ ആ ദിവസം പ്രത്യേക പ്രാർത്ഥനകളും ഏറെ ആർദ്രതയും വലിയ അനുഗ്രഹങ്ങളും നിറഞ്ഞതായിരുന്നു. *(സീറത്തെ തയ്യിബ, പേജ് 204)*

ജമാഅത്ത് നമസ്കാരത്തോടുള്ള തന്റെ മനസ്സിലെ വികാരം വിവരിക്കവെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സദസ്സിൽ പറയുന്നു: ഇന്നും എന്റെ ശിരസ്സിന്റെ അവസ്ഥ നല്ലതല്ല, തലകറക്കം അനുഭവപ്പെടുന്നുണ്ട്. എന്നാൽ ജമാഅത്തിന്റെ സമയമാകുമ്പോൾ, എല്ലാവരും ജമാഅത്തായി നമസ്കരിക്കുകയും ഞാൻ അതിൽ പങ്കുചേരാതിരിക്കുകയും ചെയ്യുമോ എന്നൊരു ചിന്ത വരും. അതിൽ എനിക്ക് വിഷമം തോന്നും. അതിനാൽ ഞാൻ മുടന്തിയാണെങ്കിലും അങ്ങോട്ട് വരുന്നു. *(മൽഫൂസാത്ത് വാല്യം 7, പേജ് 1, 2022 പതിപ്പ്)*

ഇന്ന് എനിക്ക് തലകറക്കമുണ്ട്, എങ്കിലും ഞാൻ എങ്ങനെയൊക്കെയോ മസ്ജിദിൽ എത്തിയിരിക്കുകയാണ്. പരിശ്രമിച്ച് പള്ളിയിൽ വരാൻ ഞാൻ ശ്രമിക്കാറുണ്ട്. ഒന്നല്ല, പലതവണ ഇപ്രകാരം സംഭവിക്കാറുണ്ട്; ഇന്നും അതുതന്നെയാണ് സംഭവിച്ചത്.

**രോഗാവസ്ഥയിലും ജമാഅത്തായി നമസ്കരിക്കാൻ അദ്ദേഹം പരമാവധി പരിശ്രമിക്കാറുണ്ടായിരുന്നു.**

ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി (റ) പറയുന്നു: അദ്ദേഹത്തെ കാണാനുള്ള സ്ഥലം സാധാരണയായി പള്ളി തന്നെയാണ്. രോഗമില്ലാത്ത അവസ്ഥയിൽ അദ്ദേഹം അഞ്ചുനേരവും ജമാഅത്തായി നമസ്കരിക്കാറുണ്ട്. ജമാഅത്ത് നമസ്കാരത്തിന്റെ കാര്യത്തിൽ അദ്ദേഹം കടുത്ത നിർബന്ധം പുലർത്തുകയും, ജമാഅത്തായി നമസ്കരിക്കാൻ കഴിയാത്തതിനേക്കാൾ വലിയൊരു ദുഃഖം തനിക്ക് വേറെയില്ലെന്ന് പലപ്പോഴും പറയുകയും ചെയ്തിട്ടുണ്ട്.

മൗലവി സാഹിബ് തുടരുന്നു: '**ആളുകളുടെ വരവ് കുറവായിരുന്ന കാലത്ത് അദ്ദേഹം ഇപ്രകാരം ആഗ്രഹം പ്രകടിപ്പിക്കാറുണ്ടായിരുന്നു; അഞ്ചു നേരവും ജമാഅത്തായി നമസ്കരിക്കാൻ നമ്മുടെ തന്നെ ഒരു ജമാഅത്ത് ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! താൻ അതിനായി പ്രാർത്ഥനയിലാണെന്നും അല്ലാഹു തന്റെ പ്രാർത്ഥന സ്വീകരിക്കുമെന്നും അദ്ദേഹം പറയുമായിരുന്നു. ഈ സംഭവം എഴുതുമ്പോൾ നമസ്കരിക്കാൻ വരുന്നവരുടെ എണ്ണം എൺപതോ തൊണ്ണൂറോ ആയി വർദ്ധിച്ചത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണെന്ന് മൗലവി സാഹിബ് സാക്ഷ്യപ്പെടുത്തുന്നു.**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് എല്ലാ രാജ്യങ്ങളിലും നമുക്ക് മസ്ജിദുകളുണ്ട്. അതിനാൽ അഞ്ചു നേരവും നമ്മുടെ മസ്ജിദുകളെ സജീവമാക്കാനും എല്ലാ നമസ്കാരങ്ങളും ജമാഅത്തായി നിർവ്വഹിക്കാനും നാം പരിശ്രമിക്കണം.

മൗലവി സാഹിബ് എഴുതുന്നു: നമസ്കാരം നിർവ്വഹിച്ച ഉടനെ അദ്ദേഹം അകത്തേക്ക് പോവുകയും രചനാ ജോലികളിൽ മുഴുകുകയും ചെയ്യുമായിരുന്നു. മഗ്‌രിബ് നമസ്കാരത്തിന് ശേഷം അദ്ദേഹം പള്ളിയിൽ തന്നെ ഇരിക്കുകയും സുഹൃത്തുക്കളോടൊപ്പം അവിടെ വെച്ച് തന്നെ

**• ഹദീഥുന്നബ്‌വിﷺ •**

**"അൽഅയ്മനു ഫൽ അയ്മനു."**

**വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.**

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."**

**ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.**




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ഭക്ഷണം കഴിക്കുകയും ചെയ്യും. ഇശാ നമസ്കാരം നിർവ്വഹിച്ച ശേഷമാണ് അദ്ദേഹം അകത്തേക്ക് പോയിരുന്നത്. *(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ), പേജ് 43)*

ഹദ്റത്ത് അബ്ദുസ്സത്താർ സാഹിബ് (റ) വിവരിക്കുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പ്രഖ്യാപനത്തിന് മുൻപ്, ചെറിയ മസ്ജിദ് മുബാറക് നിർമ്മിച്ച കാലത്ത് സുഹർ, അസ്വർ, മഗ്രിബ്, ഇശാ നമസ്കാരങ്ങൾക്ക് നേതൃത്വം നൽകാറുണ്ടായിരുന്നു. ഞങ്ങൾ മൂന്ന് പേർ മാത്രമായിരുന്നു മുഖ്തദികൾ; മിയാൻ ഗുലാബ്, അബ്ദുസ്സത്താർ, മിയാൻ ജാൻ മുഹമ്മദ് സാഹിബ്.

**അദ്ദേഹം നമസ്കരിച്ചിരുന്ന ആ രീതി എനിക്ക് നന്നായി അറിയാം. ഓരോ നമസ്കാരവും അങ്ങേയറ്റത്തെ വിതുമ്പലോടെയും വിനയത്തോടും എളിമയോടും കൂടിയാണ് അദ്ദേഹം നിർവ്വഹിച്ചിരുന്നത്. ഒരു കൊച്ചു കുട്ടി തന്റെ മാതാപിതാക്കളുടെ മുന്നിൽ കരഞ്ഞു ചോദിക്കുന്നതുപോലെയായിരുന്നു അത്. ആ നമസ്കാരം മുഖ്തദികളായ ഞങ്ങളുടെ ഹൃദയങ്ങളിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു.** ഞങ്ങൾക്ക് ലഭിച്ച ആദ്യത്തെ പാഠം അതായിരുന്നു. നമസ്കാരം കഴിഞ്ഞ് അദ്ദേഹം ഇരിക്കുമ്പോൾ ഞങ്ങൾ അവിടുത്തെ മുഖത്തേക്ക് നോക്കുമായിരുന്നു; പ്രഭാപൂരിതമായ ആ മുഖം ഞങ്ങളുടെ ഹൃദയങ്ങളെ വല്ലാതെ ആകർഷിക്കുമായിരുന്നു. *(രിവായാത്തെ അസ്ഹാബെ അഹ്മദ് വാല്യം 2, പേജ് 457)*

പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി (റ) വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) നേതൃത്വം നൽകുന്ന ജനാസ നമസ്കാരം എത്ര മനോഹരവും സുന്നത്തിനനുസൃതവുമായിരുന്നു! അവിടുത്തെ പിന്നിൽ ജനാസ നമസ്കാരം നിർവ്വഹിക്കാൻ എനിക്ക് നൂറുകണക്കിന് തവണ അവസരം ലഭിച്ചിട്ടുണ്ട്. ഒരിക്കൽ മിയാൻ ജാൻ മുഹമ്മദ് സാഹിബ് അന്തരിച്ചപ്പോൾ അദ്ദേഹം ജനാസയെ അനുഗമിച്ചു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഉറച്ച അനുയായിയും ആത്മമിത്രവുമായിരുന്നു. തിരക്കുകൾക്കിടയിലും മിയാൻ ജാൻ മുഹമ്മദ് സാഹിബ് വന്നാൽ അദ്ദേഹം എല്ലാ ജോലികളും മാറ്റിവെച്ച് അദ്ദേഹത്തെ കാണുമായിരുന്നു. ഖബർസ്ഥാനിൽ വെച്ച് അദ്ദേഹം തന്നെ ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി. ആ നമസ്കാരം ഒരുപാട് നീണ്ടുപോയി; നിന്ന് നിന്ന് ഞങ്ങളുടെ കാലുകൾ വേദനിച്ചു, കൈകൾ കെട്ടിനിന്ന് വേദന എടുത്തു. മറ്റുള്ളവരുടെ കാര്യം എനിക്കറിയില്ല, പക്ഷെ എന്റെ അവസ്ഥ മോശമായി; ഇതുപോലൊരു അനുഭവം എനിക്ക് മുൻപുണ്ടായിട്ടില്ല. പിന്നീട് ബോധം വന്നപ്പോഴാണ് ശരിക്കുള്ള നമസ്കാരം ഇതാണെന്ന് എനിക്ക് മനസ്സിലായത്. അതോടെ എന്റെ മനസ്സ് ശാന്തമാവുകയും എനിക്ക് വലിയൊരു ആസ്വാദനം അനുഭവപ്പെടാൻ തുടങ്ങുകയും ചെയ്തു. നമസ്കാരം ഇനിയും നീണ്ടിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോയി. ജനാസ നമസ്കാരം കഴിഞ്ഞ് അദ്ദേഹം മടങ്ങിയപ്പോൾ ഒരാൾ ചോദിച്ചു: ജനാസ നമസ്കാരം ഒരുപാട് നീണ്ടുപോയല്ലോ, ഹുസൂർ ഒരുപാട് തളർന്നുപോയിട്ടുണ്ടാകുമല്ലോ? അപ്പോൾ അദ്ദേഹം പറയുന്നു:

**'ഞാൻ തളരുന്ന കാര്യത്തിൽ എന്ത് പ്രസക്തിയാണുള്ളത്? ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയായിരുന്നു. ആ പരേതന് വേണ്ടി പാപമോചനം തേടുകയായിരുന്നു. ചോദിക്കുന്നവൻ എപ്പോഴെങ്കിലും തളരുമോ? ചോദിക്കാൻ തളരുന്നവൻ പിന്തള്ളപ്പെട്ടുപോകും. ഞാൻ ചോദിക്കുന്നവനും അവൻ നൽകുന്നവനുമാണ്; പിന്നെങ്ങനെ തളരും? അല്പം പ്രതീക്ഷയുള്ളിടത്ത് പോലും ചോദിക്കുന്നവൻ ഉറച്ചുനിൽക്കും; അപ്പോൾ എല്ലാ പ്രതീക്ഷകളുടെയും കേന്ദ്രമായ അല്ലാഹുവിന്റെ സന്നിധിയിൽ എത്രത്തോളം ഉറച്ചുനിൽക്കണം! അവൻ മുഅ്തീ അതായത് നൽകുന്നവനാണ്, വഹാബാണ്, റഹ്മാനാണ്, റഹീമാണ്. അവൻ സർവ്വത്തിന്റെയും ഉടമസ്ഥനും സർവ്വശക്തനുമാണ്.' പിന്നെ തളരുന്നതിനെക്കുറിച്ച് എന്ത് ചോദ്യമാണുള്ളത്?**

ഇത്തരമൊരു ചിന്തയോടെ നമസ്കാരങ്ങൾ നിർവ്വഹിക്കാൻ അല്ലാഹു നമുക്കും തൗഫീഖ് നൽകട്ടെ. അല്ലാഹുവിന്റെയും റസൂലിന്റെയും കൽപ്പനകൾക്കനുസരിച്ച് നമസ്കാരങ്ങൾ നിർവ്വഹിക്കുമെന്ന് ഉറപ്പുനൽകിക്കൊണ്ടാണല്ലോ നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബൈഅത്ത് സ്വീകരിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഓർത്തുകൊണ്ട് അവനെ സ്തുതിച്ചുകൊണ്ട് നമസ്കരിക്കാൻ നമുക്ക് സാധിക്കട്ടെ. ഈ വാഗ്ദാനം നിറവേറ്റാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

രണ്ട് ജനാസ ഗാഇബ് നമസ്കാരങ്ങൾ നിർവ്വഹിക്കുന്നതാണ്. ഒന്നാമത്തേത്, ഡേരിയൻവാല നാരോവാളിലെ മഹ്മൂദ് അഹ്മദ് ഭട്ട് സാഹിബിന്റെ ഭാര്യ അമത്തുശ്ശരീഫ് സാഹിബയുടേതാണ്. അവർ കഴിഞ്ഞ ദിവസം 84-ാം വയസ്സിൽ വഫാത്തായി. إِنَّا لِلَّٰهِ وَإِنَّا إِلَيْهِ رَاجِعُونَ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ മൂസിയ (വസ്വിയ്യത്ത് ചെയ്തവർ) ആയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ജില്ലാ ഗുജറാത്ത് ജില്ലയിലെ ശാദിവാലയിലെ ഹദ്റത്ത് മൗലവി ഉമർദീൻ സാഹിബ് (റ) യുടെ മകളായിരുന്നു. തന്റെ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ 1903ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ത്സലം യാത്രയ്ക്കിടെ അവിടുത്തെ ഹസ്തങ്ങളിൽ ബൈഅത്ത് ചെയ്യാനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിച്ചിരുന്നു. ഭർത്താവിനെ കൂടാതെ ആറ് ആൺമക്കളും അഞ്ച് പെൺമക്കളും പേരക്കുട്ടികളും അവർക്കുണ്ട്. അവരുടെ ഒരു മകൻ ആസിഫ് മഹ്മൂദ് ഭട്ട് സാഹിബ് ടാൻസാനിയയിലെ ദാറുസ്സലാമിൽ മുബല്ലിഗ് ആയി സേവനം അനുഷ്ഠിക്കുന്നു. ഔദ്യോഗിക രംഗത്ത് ആയതിനാൽ അദ്ദേഹത്തിന് തന്റെ മാതാവിന്റെ ജനാസയിലും ഖബറടക്കത്തിലും പങ്കെടുക്കാൻ സാധിച്ചില്ല. അവരുടെ ഒരു പേരമകൻ ഒസാമ ഭട്ടും ഇവിടെ മുബല്ലിഗ് ആണ്. അതുപോലെ അവരുടെ ഒരു മരുമകനും മുബല്ലിഗ് ആണ്. ജീവിതം ദീനിനായി സമർപ്പിച്ച (വാഖിഫെ സിന്ദഗി) ഒരു കുടുംബമാണ് അവരുടേത്.

ടാൻസാനിയയിലുള്ള അവരുടെ മകൻ ആസിഫ് മഹ്മൂദ് ഭട്ട് സാഹിബ് (മുബല്ലിഗ് സിൽസില) എഴുതുന്നു: അവർ അനേകം സദ്ഗുണങ്ങളുടെ ഉടമയായിരുന്നു. അല്ലാഹുവുമായുള്ള ബന്ധമായിരുന്നു ഏറ്റവും പ്രകടമായ ഗുണം. അവർക്ക് ലഭിക്കാറുണ്ടായിരുന്ന സദ്സ്വപ്നങ്ങൾ വ്യക്തമായി പുലരാറുണ്ടായിരുന്നു. തന്റെ പിതാവിൽ നിന്ന് വിശുദ്ധ ഖുർആനോട് അഗാധമായ അനുരാഗം അവർക്കു പകർന്നു കിട്ടിയിരുന്നു. എല്ലാ ദിവസവും ഫജ്റിന് ശേഷം മുഹല്ലയിലെ (വാർഡിലെ)

• ഹദീഥുന്നബവ്വി ﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
(ബുഖാരി 23:77)

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബവ്വി ﷺ •

"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.

TIMBELLA
BEAUTY FROM TIMBER
—NILAMBUR—

SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES

ത്വാലിബെ ദുആ

BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL : 9744366004, 8086399638

• ഹദീഥുന്നബവ്വി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.

tectona



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

അഹ്മദി, അനഹ്മദി കുട്ടികൾക്ക് അവർ ഖുർആൻ പഠിപ്പിച്ചു കൊടുക്കുമായിരുന്നു. ഖുർആൻ ഓതുന്നതും കേൾക്കുന്നതും അവർക്ക് ഏറെ ഇഷ്ടമായിരുന്നു. മകൻ എഴുതുന്നു: 'അവർ എന്നിൽ നിന്നും ഖുർആൻ കേൾക്കാറുണ്ടായിരുന്നു. അവർക്ക് മന:പാഠമുണ്ടോ എന്ന് നോക്കാൻ വേണ്ടി ഞാൻ എവിടെയെങ്കിലും അല്പനേരം നിർത്തിയാൽ ഉടനെ അവർ അടുത്ത വാക്കുകൾ ഓതുമായിരുന്നു. 'ഖുർആൻ മിക്കവാറും അവർക്ക് മന:പാഠമായിരുന്നു. പ്രായമായപ്പോൾ താൻ മറ്റെല്ലാം മറന്നുപോയെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖുർആൻ ഓർമ്മയുണ്ടെന്ന് അവർ പറയാറുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പുസ്തകങ്ങളോട് അവർക്ക് പ്രത്യേക താത്പര്യമുണ്ടായിരുന്നു. എപ്പോഴും ഏതെങ്കിലും ഒരു പുസ്തകം അവർ വായനയ്ക്കായി കരുതുമായിരുന്നു. അതുപോലെ കവിതകളോടും അവർക്ക് വലിയ അടുപ്പമുണ്ടായിരുന്നു. ദുർറെ സമീൻ, കലാമെ മഹ്മൂദ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) ന്റെ കവിതകൾ എന്നിവയിൽ പലതും അവർക്ക് മന:പാഠമായിരുന്നു.

അവരുടെ ജാമാതാവ് മസൂദ് സാഹിബ് (മുബല്ലിഗ് സിൽസില) പറയുന്നു: ഞാൻ ഖാദിയാനിൽ പോയപ്പോൾ അവർ എന്നോട് പറഞ്ഞു, 'അവിടെ പരമാവധി നടക്കുക, കാരണം അവിടുത്തെ തെരുവുകളിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നടന്നിട്ടുണ്ട്.' അല്ലാഹു അവർക്ക് മഗ്ഫിറത്തും റഹ്മത്തും നൽകട്ടെ, അവരുടെ പ്രാർത്ഥനകൾ അവരുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു സ്വീകരിക്കട്ടെ.

രണ്ടാമത്തെ ജനാസ ലാഹോറിലെ ശൈഖ് ബശീർ അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം കഴിഞ്ഞ ദിവസം 97ാം വയസ്സിൽ അന്തരിച്ചു. إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസി ആയിരുന്നു. മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളുമാണ് അദ്ദേഹത്തിനുള്ളത്. സദ്ർ അഞ്ചുമൻ അഹ്മദിയ്യ മുഖ്താറെ ആം ആയിരുന്ന ശൈഖ് മുഹമ്മദ് ദീൻ സാഹിബ് മർഹൂമിന്റെ ഇളയ മകനായിരുന്നു അദ്ദേഹം. ഈസ്റ്റ് ആഫ്രിക്ക, യുകെ, അമേരിക്ക എന്നിവിടങ്ങളിൽ അമീറും മിഷണറി ഇൻ ചാർജുമായിരുന്ന ശൈഖ് മുബാറക് അഹ്മദ് സാഹിബ് മർഹൂമിന്റെയും അറബ് രാജ്യങ്ങളിലെ മുബല്ലിഗ് ആയിരുന്ന ശൈഖ് നൂർ അഹ്മദ് സാഹിബ് മുനീറിന്റെയും ഇളയ സഹോദരനായിരുന്നു.

അദ്ദേഹം തഹജ്ജുദ് കൃത്യമായി നമസ്കരിക്കുന്നയാളും നോമ്പിലും നമസ്കാരത്തിലും കൃത്യത പുലർത്തുന്ന വ്യക്തിയുമായിരുന്നു. എല്ലാവരോടും നല്ല രീതിയിൽ പെരുമാറുന്ന ഉയർന്ന സ്വഭാവഗുണങ്ങളുടെ ഉടമയുമായിരുന്നു. ലാഹോർ ജമാഅത്തിലെ വിശ്വസ്തനായ ഒരു പ്രവർത്തകനായിരുന്നു. ചൗധരി അസദുല്ലാഹ് ഖാൻ സാഹിബിന്റെയും ചൗധരി ഹമീദ് നസ്റുല്ലാഹ് സാഹിബിന്റെയും ജില്ലാ ആമിലയിലെ സജീവ അംഗമായിരുന്നു. 20 വർഷത്തിലധികം തന്റെ ഹൽഖയിലെ സദർ ആയി സേവനം അനുഷ്ഠിച്ചു. ജമാഅത്ത് കാര്യങ്ങൾ വളരെ മികച്ച രീതിയിൽ നിർവ്വഹിച്ചിരുന്ന അദ്ദേഹം മസ്ജിദുകൾ നിർമ്മിക്കുന്നതിലും ജമാഅത്തിന്റെ ഭൂസ്വത്തുക്കൾ വാങ്ങുന്നതിലും പ്രധാന പങ്ക് വഹിച്ചു. ജമാഅത്തിന്റെ സാമ്പത്തിക പദ്ധതികളിൽ ആവേശപൂർവ്വം പങ്കെടുക്കുകയും തന്റെ മക്കളോട് അതിനായി ഉപദേശിക്കുകയും ചെയ്യുമായിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റത്തെ വിശ്വസ്തത പുലർത്തിയിരുന്ന അദ്ദേഹം മക്കളെയും ബന്ധുക്കളെയും എപ്പോഴും ഖിലാഫത്തിനോട് പ്രതിബദ്ധത പുലർത്താൻ ഉപദേശിച്ചിരുന്നു.

ഞാനും അദ്ദേഹത്തെ കണ്ടിട്ടുണ്ട്, വളരെ വിനയമുള്ള മനുഷ്യനായിരുന്നു. എല്ലാവരോടും അങ്ങേയറ്റത്തെ എളിമയോടെയാണ് അദ്ദേഹം പെരുമാറിയിരുന്നത്. അദ്ദേഹത്തിന്റെ മകൾ ആസിഫ സഈദുല്ലാഹ് പറയുന്നു: ഫജ്റിന് ശേഷം അദ്ദേഹം വളരെ നല്ല ശബ്ദത്തിൽ ഖുർആൻ തിലാവത്ത് ചെയ്യുമായിരുന്നു, അത് ഞങ്ങളുടെയെല്ലാം ശരിയായ തർബിയത്തിന് കാരണമായിട്ടുണ്ട്.

അദ്ദേഹത്തിന്റെ മറ്റൊരു മകൾ പറയുന്നു: 'എന്റെ വിവാഹം റബ്വയിൽ നടന്നപ്പോൾ പിതാവ് എന്നോട് പറഞ്ഞു, നീ റബ്വ എന്ന കേന്ദ്രത്തിലേക്ക് പോകുന്നതിനാൽ വലിയ ഭാഗ്യവതിയാണ്. അല്ലാഹു നിനക്ക് മക്കളെ ശരിയായ രീതിയിൽ വളർത്താൻ തൗഫീഖ് നൽകട്ടെ. ഒരു ബിസിനസ്സുകാരൻ ആയിരുന്നിട്ടും ഭൗതികമായ കാര്യങ്ങളെക്കാൾ ഉപരിയായി മക്കളെ ദീൻ പഠിപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും റഹ്മത്തും നൽകട്ടെ, അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ മക്കളുടെ കാര്യത്തിൽ അല്ലാഹു സ്വീകരിക്കട്ടെ.

(വിവ: അബൂ അത്ത്വിയ)


## ദാറുൽ സ്വനാഅത്ത് ഖാദിയാൻ പ്രവേശന അറിയിപ്പ് 2026-27

**(അഹ്മദി വിദ്യാർത്ഥികൾ ശ്രദ്ധിക്കുക, അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു)**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹു തആലാ ബിനസിഹിൽ അസീസ്)ന്റെ പ്രത്യേക അനുമതിയോടും നിർദ്ദേശത്തോടും കൂടി 2010ലാണ് ദാറുൽ സ്വനാഅത്ത് ഖാദിയാൻ സ്ഥാപിതമായത്. അഹ്മദി വിദ്യാർത്ഥികളെ തൊഴിൽ നൈപുണ്യമുള്ളവരാക്കിമാറ്റുകയും സാങ്കേതിക കോഴ്സുകൾ പഠിപ്പിച്ചു കൊണ്ട് അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക യുമാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

**ദാറുൽ സ്വനാഅത്ത് ഖാദിയാൻ സർക്കാർ അംഗീകൃത സ്ഥാപനമാണ് (NSIC ഡൽഹി, ISO രജിസ്റ്റേഡ്).**

താഴെ പറയുന്ന ഏക വാർഷിക കോഴ്സുകളാണ് ഇവിടെ നൽകുന്നത്.

**1. Computer applications, 2.Pmbing, 3.Electrician 4.Motor Vehicle Mechanic, 5. Diesel Mechanic**
**6. Welding, 7. AC & Refrigerator**

**പ്രത്യേകതകൾ:**

- ഖാദിയാന് പുറത്തുനിന്നും വരുന്ന അഹ്മദി വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ, മെസ് സൗകര്യങ്ങൾ ലഭ്യമാണ്.
- താമസത്തിനും ഭക്ഷണത്തിനും ഫീസ് ഈടാക്കുന്നതല്ല.
- കോഴ്സ് ഫീസ് ലളിതമായ ഗഡുക്കളായി അടക്കാവുന്നതാണ്.
- സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്തവരും ക്ലാസ് അല്ലെങ്കിൽ പത്താം ക്ലാസ് കഴിഞ്ഞ് ടെക്നിക്കൽ കോഴ്സുകൾ ചെയ്യാൻ ആഗ്രഹിക്കുന്നവരുമായ അഹ്മദി യുവാക്കൾ പ്രവേശനത്തിനായി ഉടൻ ബന്ധപ്പെടുക.
- അഹ്മദി കുട്ടികൾക്കായുള്ള മതവിദ്യാഭ്യാസ സൗകര്യവും ഇവിടെയുണ്ട്.
- 2026..27 പുതിയ സെഷനിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു കഴിഞ്ഞു. ക്ലാസുകൾ 2026 ഓഗസ്റ്റ് 1 മുതൽ ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിലോ ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക:
**Email: darulsanaat.qadian@gmail.com**
**Phone: +91 9872725895 / 8604024043**

(പ്രിൻസിപ്പൽ, ദാറുൽ സ്വനാഅത്ത് ഖാദിയാൻ)


### • ഹദീഥുന്നബ്വി ﷺ •

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**


ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA


### • ഹദീഥുന്നബ്വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**


ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551
ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2026-28 Vol-11 Thursday 26 March - 2 April 2026 Issue: 13-14

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

## സീറത്തുന്നബി(സ)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ
വിവ: അബൂസ്വബാഹ്

# തിരുനബി(സ)യുടെ ജീവചരിത്രവും

### ഇസ്‌ലാമിക ചരിത്രവും: പ്രാരംഭ സ്രോതസ്സുകൾ

ഓരോ ഗോത്രത്തിലും ഒരു പ്രത്യേക വിഭാഗം തന്നെ നിലനിന്നിരുന്നു; തങ്ങളുടെ ഗോത്രത്തിന്റെയും അയൽ ഗോത്രങ്ങളുടെയും ചരിത്രവിവരണങ്ങൾ അങ്ങേയറ്റം വിശ്വസ്തതയോടും കൃത്യതയോടും കൂടി മന:പാഠമാക്കി സംരക്ഷിക്കുക എന്നതായിരുന്നു ഇവരുടെ ചുമതല. അറബികൾക്കിടയിൽ ഈ വിദ്യ 'ഇൽമുൽ അൻസാബ്'(Ilmul-Ansab) അഥവാ 'വംശാവലി ശാസ്ത്രം' എന്നാണ് അറിയപ്പെട്ടിരുന്നത്. ഇസ്‌ലാമിന് മുമ്പുള്ള കാലഘട്ടത്തിൽ ഈ വിദ്യയിൽ വൈദഗ്ധ്യം നേടിയ പലരുടെയും പേരുകൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രീതിയിൽ, ഈ അറിവ് ഒരു തലമുറയിൽ നിന്ന് രണ്ടാമത്തേ തിലേക്കും അവിടെ നിന്ന് മൂന്നാമത്തേതിലേക്കും കൈമാറ്റം ചെയ്യപ്പെട്ടു. അങ്ങനെ ഓരോ ഗോത്രത്തിന്റെയും ചരിത്രം അതിന്റെ വിവരണക്കാരുടെ ഹൃദയങ്ങളിൽ സുരക്ഷിതമായി സൂക്ഷിക്കപ്പെട്ടു.

ഈ പശ്ചാത്തലത്തിൽ, പുരാതന അറേബ്യൻ ചരിത്രം സംരക്ഷിക്കപ്പെട്ട മറ്റൊരു മികച്ച മാർഗം ഇസ്‌ലാമിന് മുമ്പുള്ള കാലത്തെ കവികൾ രചിച്ച കാവ്യശകലങ്ങളാണ്. ഇവ അറബ് ഗോത്രങ്ങളുടെ ചരിത്രത്തിലെ സവിശേഷമായ വശങ്ങളെ ഉൾക്കൊള്ളുന്നവയായിരുന്നു. ഇസ്‌ലാമിന് മുമ്പുള്ള കാലഘട്ടത്തിൽ അറബികൾക്കിടയിൽ കവിതകൾ അത്രമേൽ ഉയരങ്ങളിലെത്തിയിരുന്നു; പല വിമർശകരുടെയും അഭിപ്രായത്തിൽ, ഇസ്‌ലാമിക കാലഘട്ടത്തിലെ കവികൾ പല പുരോഗതികളും കൈവരിച്ചിട്ടും ചില വശങ്ങളിൽ ഇസ്‌ലാമിന് മുമ്പുള്ള കവിതകളോട് മത്സരിക്കാൻ അവർക്ക് സാധിച്ചിരുന്നില്ല. ഗോത്രവർഗ സംസ്കാരമായിരുന്നു അറേബ്യൻ ജീവിതരീതിയുടെ അടിസ്ഥാനം. മിക്കവാറും എല്ലാ ഗോത്രങ്ങളിലും ഒരു കവി ഉണ്ടായിരുന്നു, അദ്ദേഹം തന്റെ ഗോത്രത്തിന്റെ സവിശേഷതകൾ കരുത്തുറ്റ മരുഭൂമി ശൈലിയിലുള്ള കവിതകളിലൂടെ സംരക്ഷിച്ചിരുന്നു. കൂടാതെ, ഈ വരികൾ മന:പാഠമാക്കുന്നതും സദസ്സുകളിൽ അവ ചൊല്ലുന്നതും അറബികൾക്കിടയിലെ ഒരു ആചാരമായിരുന്നു. (Life of `Mahomet`, Sir William Muir, pp. li-lii, Reprint of the 1894 Ed., Published by Voice of India New Delhi)

ജാഹിലിയ്യ (അജ്ഞാന) കാലഘട്ടത്തിലെ (ഇസ്‌ലാമിക സാങ്കേതികസംജ്ഞയനുസരിച്ച്, ഇസ്‌ലാമിന് മുമ്പുള്ള അറേബ്യൻ കാലഘട്ടം 'ജാഹിലിയ്യാ കാലഘട്ടം' (അഥവാ അജ്ഞാന കാലഘട്ടം) എന്നാണ് അറിയപ്പെടുന്നത്.) നിരവധി കവികളിൽ പ്രത്യേക അംഗീകാരം നേടിയവരിൽ ഇംറുൽ ഖൈസ്, നാബിഗ ദുബ്‌യാനി, സുഹൈർ, തുർഫ, അൻതറ, അൽഖമ, അഅ്ശാ, അംറ് ബിൻ കുൽസൂം, ഉമയ്യ ബിൻ അബീ സൽത്ത്, കഅ്ബ് ബിൻ സുഹൈർ, ലബീദ്, ഹസ്സാൻ ബിൻ സാബിത്, ഖൻസാഅ് എന്നിവർ ഉൾപ്പെടുന്നു. ഈ കവികളിൽ പലരുടെയും വരികൾ ഇന്നും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അവ അതിശയിപ്പിക്കുന്ന വാഗ്മിതയും ശക്തമായ പ്രയോഗശൈലിയും കലാവിരുതും പ്രകടമാക്കുന്നു; അക്കാലത്തെ മറ്റൊരു രാജ്യത്തെയും ജനതയുടെയും കവിതകളിൽ ഇതിന് സമാനമായ ഒന്ന് കണ്ടെത്താനാവില്ല. മുകളിൽ പരാമർശിച്ച കവികളിൽ, അവസാനത്തെ നാലുപേരും (അതിൽ അവസാനത്തെ പേര് പ്രശസ്തയായ ഒരു കവയിത്രിയുടേതാണ്) തിരുനബി(സ)യുടെ കൈകളാൽ ഇസ്‌ലാം സ്വീകരിച്ചവരാണ്.

(ഈ കവികളെക്കുറിച്ചുള്ള പരാമർശങ്ങൾ കിതാബുസ് ശിഅ്ർ വശ്ശുഅറാ എന്ന ഗ്രന്ഥത്തിൽ കാണപ്പെടുന്നു. ഗ്രന്ഥകർത്താ: അബൂ മുഹമ്മദ് അബ്ദുല്ലാഹ് ബിൻ മുസ്‌ലിം ബിൻ ഖുതൈബ, ഭാഗം 1, ദാറുത് തഖാഫ, ബെയ്റൂത്ത്, 1964.

താഴെപ്പറയുന്ന പേജുകളിൽ ഇവരെക്കുറിച്ച് വിവരങ്ങൾ കാണാം:

ഇംറഅുൽ ഖൈസ് (പേജ് 50-57), നാബിഗ അദ്ദുബ്‌യാനി (പേജ് 92-106), സുഹൈർ (പേജ് 76-88), തുർഫ (പേജ് 117-126), അൻതറ (പേജ് 171-175), അൽഖമ (പേജ് 145-148), അഅ്ശാ (പേജ് 178-186), അംറ് ബിൻ കുൽസൂം (പേജ് 157-160), ഉമയ്യ ബിൻ അബീ സൽത് (പേജ് 369-372), കഅ്ബ് ബിൻ സുഹൈർ (പേജ് 89-91), ലബീദ് (പേജ് 194-204), ഹസ്സാൻ ബിൻ സാബിത് (പേജ് 223-226), ഖൻസാഅ് (പേജ് 260-262) (തുടരും)

പേജ് 1 ൽ നിന്ന് **തഫ്സീർ**

കയും അന്വർ അവരുടെ രാജ്യങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തു.

മുസ്‌ലീങ്ങൾ തങ്ങളുടെ ഭരണ കാലത്ത് ഈ സൂറത്തിൽ പരാമർശിച്ചിട്ടുള്ള ഉന്നത സ്വഭാവങ്ങൾ പുലർത്തുകയും, തങ്ങൾക്ക് കൺകുളിർമയാകുന്ന സന്താനങ്ങളെ നൽകണമേ എന്ന് രാപ്പകൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തിരുന്നെങ്കിൽ, തങ്ങളുടെ വരുംതലമുറയുടെ ഉത്തമമായ ശിക്ഷണത്തിൽ അവർ അശ്രദ്ധരാകുമായിരുന്നില്ല. എങ്കിൽ മുഹമ്മദീയ ഉമ്മത്തിൽ യോഗ്യരല്ലാത്ത രാജാക്കന്മാർ ജനിക്കുമായിരുന്നില്ല; തങ്ങളുടെ പൂർവ്വികർ വലിയ ത്യാഗങ്ങളിലൂടെ നേടിയെടുത്ത സിംഹാസനങ്ങൾ സ്വന്തം സുഖലോലുപതയ്ക്കും ദുർനടപ്പുകൾക്കുമായി അവർ ബലി കഴിക്കുമായിരുന്നില്ല. ഈ അധ:പതനം മുസ്‌ലീങ്ങൾക്ക് സംഭവിച്ചത് അവർ ഇബാദുർ റഹ്മാന്റെ (റഹ്മാനായ അല്ലാഹുവിന്റെ ദാസന്മാരുടെ) കടമകൾ മറന്നുപോയതുകൊണ്ടാണ്. അവർ അല്ലാഹുവിനെ മറന്നപ്പോൾ അല്ലാഹു അവരെയും കൈവിട്ടു, അവരെ അധികാരത്തിൽ നിന്ന് പുറത്താക്കി.

തീർച്ചയായും സംഭവിച്ചതെല്ലാം അത്യന്തം ഖേദകരമാണ്. എങ്കിലും ഇനിമുതലെങ്കിലും മുസ്‌ലീങ്ങൾ ഇതിൽ നിന്ന് പാഠം ഉൾക്കൊള്ളുകയും വരുംതലമുറയുടെ തർബിയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്താൽ, തങ്ങളുടെ ജീവിതകാലത്തും മരണശേഷവും തങ്ങളുടെ സന്താനങ്ങൾ നന്മയിൽ നിലകൊള്ളാനും അവർ എന്നും കൺകുളിർമയായിരിക്കാനും അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നാൽ, അവർക്ക് നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ സാധിക്കും. അതിനാൽ അവർ ആത്മവീര്യം ഉയർത്തണം, നിരാശയെ അരികിൽ പോലും അടുപ്പിക്കരുത്. കാരണം, ഒരു വിശ്വാസി ചെറിയ കാര്യങ്ങളിൽ സംതൃപ്തനാകില്ലെന്നും മറിച്ച് നേതാവും ഇമാമും ആകാൻ പ്രാർത്ഥിക്കണമെന്നുമാണ് അല്ലാഹു ഈ ആയത്തിലൂടെ പഠിപ്പിക്കുന്നത്. എന്നാൽ ആരുടെ ഇമാമാകാനാണ്? മുത്തഖികളുടെ ഇമാം, തഖ്‌വ ഇല്ലാത്തവരുടെയല്ല.

എല്ലാവർക്കും എങ്ങനെ നേതാവോ ഇമാമോ ആകാൻ കഴിയുമെന്ന് ചിലർ ചിന്തിച്ചേക്കാം. അവർ ഓർക്കേണ്ടത്, ഒരു പുരുഷൻ തന്റെ ഭാര്യ ദീനീ വിജ്ഞാനമുള്ളവളും നിസ്കാരത്തിലും നോമ്പിലും നിഷ്ഠയുള്ളവളും ദീനീ കാര്യങ്ങളിൽ പങ്കുചേരുന്നവളും മക്കളെ നന്നായി വളർത്തുന്നവളും ആയിരിക്കാൻ പരിശ്രമിച്ചാൽ, അവിടെ ഭർത്താവ് ഇമാമും ഭാര്യ മഅ്മൂമും (പിന്തുടരുന്നവൾ) ആയിരിക്കും. അതുപോലെ ഒരു മാതാവ് തന്റെ മക്കൾക്ക് ഉന്നത രീതിയിലുള്ള തർബിയത്ത് നൽകിയാൽ അവൾ ഇമാമും മക്കൾ മഅ്മൂമുകളും ആയിരിക്കും. ആ മക്കളുടെ നന്മകൾ ആ മാതാവിലേക്കും വരവ് ചേർക്കപ്പെടും. ആ സ്ത്രീ ഖബറിൽ ഉറങ്ങുകയാവാം, എന്നാൽ അവളുടെ മക്കൾ സുബ്ഹി നമസ്കരിക്കുമ്പോൾ ഈ സ്ത്രീ സുബ്ഹി നമസ്കരിച്ചു എന്ന് മലക്കുകൾ രേഖപ്പെടുത്തുന്നുണ്ടാകും. അതുപോലെ അവൾ മക്കളെ തഹജ്ജുദ് ശീലിപ്പിച്ചിട്ടുണ്ടെങ്കിൽ അവൾ തഹജ്ജുദ് നമസ്കരിച്ചു എന്നും മലക്കുകൾ രേഖപ്പെടുത്തും. പുരുഷന്മാരുടെ കാര്യവും ഇതു തന്നെയാണ്. എത്രപേരുടെ സന്മാർഗത്തിന് അവർ കാരണമാകുന്നുവോ അവരുടെയെല്ലാം സൽകർമ്മങ്ങളുടെ പ്രതിഫലത്തിൽ അവരും പങ്കാളികളാകും. ഇപ്രകാരം അവർ ഇമാമും മറ്റുള്ളവർ മഅ്മൂമുകളും ആയിത്തീരുന്നു.

*(തഫ്സീർ കബീർ, വാല്യം 4, പേജ് 323,324 എഡിഷൻ 2010 ഖാദിയാൻ)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin